വാർഷിക വരിസംഖ്യ 100 രൂപ

# നിയോഗം

Reg.No. E-3884/05/K.Div.
ബ്രദറൺ വാർത്താ പത്രിക

ഉൾപ്പേജുകളിൽ...

| | |
|---|---|
| മഹത്തായ അഞ്ച് ആനുകൂല്യങ്ങൾ | 3 |
| നവരത്നങ്ങൾ നഷ്ടപ്പെടുന്നു | 3 |
| യിസ്രായേലിന്റെ മഹത്വം | 4 |
| വേരുകൾ തേടി | 5 |
| സുവിശേഷ വയലിൽ മൂന്ന് ദശകം | 5 |
| ബ്രദറൺ എന്ന വാല് | 6 |
| ദൈവവിശ്വാസത്തിന് | 7 |

പുസ്തകം 9, ലക്കം 1 2011 ഒക്ടോബർ 5

# ബാലസംഘം ജനറൽ ക്യാമ്പ് 2011 സമാപിച്ചു




സുവിശേഷകൻ ആൽബർട്ട് സുനിൽ സമാപന സന്ദേശം നൽകുന്നു... ഏബ്രഹാം തോമസ് കൊച്ചി പരിഭാഷപ്പെടുത്തുന്നു.

**പുത്തൻകാവ് :** എസ്.ബി.എസ്. ജനറൽ ക്യാമ്പ് എസ്.ബി.എസ്. ക്യാമ്പ് സെന്ററിൽ 2011 സെപ്തംബർ 6 ന് ആരംഭിച്ച് സെപ്തംബർ 9 വെള്ളി 6 മണിക്ക് നടന്ന സമാപനസമ്മേളനത്തോടെ അനുഗ്രഹമായി സമാപിച്ചു. കർത്തൃദാസൻ കെ. വി. മാത്യു മണ്ണാരത്തറ അദ്ധ്യക്ഷനായിരുന്ന യോഗത്തിൽ സഹോ.ആൽബർട്ട് സുനിൽ മുഖ്യസന്ദേശം നൽകി. സി. വി. സാമുവൽ കുമ്പനാട്, സാംസൺ തുടങ്ങിയവർ ആശംസാസന്ദേശം നൽകി.

കുട്ടികളുടെ വിവിധ പരിപാടികളിൽ അവരുടെ കഴിവും മികവും തെളിയിക്കുവാൻ ഇടയായി. നൈസർഗ്ഗികമായ കഴിവുകളുള്ള കുട്ടികളെ ആത്മീകമായി വാർത്തെടുക്കാനും അത്തരത്തിലുള്ള കുട്ടികളെ കണ്ടെത്തുവാനും ക്യാമ്പിന് സാധിച്ചു.

അദ്ധ്യക്ഷപ്രസംഗത്തിൽ അദ്ദേഹം നിരത്തിവച്ച സ്ഥിതിവിവരക്കണക്ക് ഞെട്ടിപ്പിക്കുന്നതായിരുന്നു.50-തിലധികം വർഷമായി നിരവധി ക്യാമ്പുകൾ നടന്നു. കുറെയധികം കാര്യങ്ങൾ നേടിയെടുത്തു എന്ന് ചിന്തിക്കാമെങ്കിലും യുവതലമുറ എവിടേക്ക് എന്ന ചോദ്യം അദ്ദേഹം ചോദിക്കുകയുണ്ടായി. അദ്ദേഹം എടുത്ത സീനിയർ ക്ലാസിലെ കുട്ടികൾക്ക് കൊടുത്ത ചോദ്യാവലിയുടെ ഉത്തരം ഏറെ ചിന്തിപ്പിക്കുന്നതായിരുന്നു. കുട്ടികളുടെ വ്യക്തിപരമായ ആത്മിക മൂല്യശോഷണം തകർന്ന കുടുംബബന്ധങ്ങളുടെ കഥകൾ, ലൈംഗീകചൂഷണം ഇങ്ങനെ നാം അറിയാൻ ആഗ്രഹിക്കാത്ത കാര്യങ്ങൾ വിശ്വാസ കുടുംബങ്ങളിൽ നടക്കുന്നു എന്ന് അദ്ദേഹം എടുത്തുപറഞ്ഞു. ക്യാമ്പുകൾ വളരെ നടക്കുന്നുണ്ടെങ്കിലും മൂല്യബോധമുള്ള ആത്മിക നേതൃത്വം ഇന്നു കുട്ടികൾക്കില്ല എന്ന് പരാമർശിക്കുകയുണ്ടായി.

# ബൈബിൾ സാഹിത്യ പ്രവർത്തക സമിതി

**ഇടയാറന്മുള:** ബൈബിൾ സാഹിത്യ പ്രവർത്തക സമിതിയുടെ ഏകദിനസമ്മേളനം 2011 സെപ്റ്റംബർ 30 വെള്ളി 9.30 മുതൽ 1.30 പി.എം. വരെ ഇടയാറന്മുള മഹാകവി കെ.വി. സൈമൺ മെമ്മോറിയൽ ബ്രദ്റൺ സഭാഹാളിൽ വച്ച് നടന്നു. സമിതി പ്രസിഡന്റ് ബ്രദർ പി. ഇ. സാംകുട്ടി അദ്ധ്യക്ഷത വഹിച്ച സമ്മേളനത്തിൽ ബ്രദർ ജോർജ്ജ് കെ. സൈമൺ ഉദ്ഘാടന സന്ദേശം നൽകി. ബ്രദർ ടൈറ്റസ് സാമുവൽ ഏവരെയും സ്വാഗതം ചെയ്തു.

വിസ്മൃതിയിലാണ്ടുപൊയ്ക്കൊണ്ടിരിക്കുന്ന മഹാകവി കെ. വി. സൈമൺ കൃതികളെ പുതുതലമുറയ്ക്കു പരിചയപ്പെടുത്തുക എന്ന ലക്ഷ്യത്തോടുകൂടി




സാറിന്റെ ജന്മസ്ഥലവും പ്രവർത്തനരംഗവുമായിരുന്ന ഇടയാറന്മുളയിൽ നടന്ന ഈ സമ്മേളനത്തിൽ സൈമൺ കവിതകളിലെ ക്രിസ്തുദർശനം, സാഹിത്യസംഭാവനകൾ എന്നീ വിഷയങ്ങളെ ആസ്പദമാക്കി കർത്തൃദാസന്മാരായ ജോർജ്ജ് കോശി, ഇ.എസ്. തോമസ് എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു. വേദവിഹാരത്തിലെ പ്രസക്തഭാഗങ്ങൾ ഇവാ. എം. വി. ബാബു അവതരിപ്പിക്കുകയുണ്ടായി.

ബി.എസ്.പി.എസ്. ഭാരവാഹികൾ നേതൃത്വം നൽകിയ ഈ മീറ്റിംഗിൽ ക്രൈസ്തവസാഹിത്യരംഗത്ത് പ്രവർത്തിക്കുന്ന നിരവധി സഹോദരന്മാർ പങ്കുകൊണ്ടു. സാം ബഞ്ചമിൻ, പി. വി. തോമസ് ഹൂസ്റ്റൺ, വില്യം പി. ജോർജ്ജ്, ജോസ് പാക്കിൽ, ലീലാമ്മ കുറിയാക്കോസ്, അമ്മിണി ടൈറ്റസ്, അമ്മാൾ സൈമൺ, കെ. എ. ഫിലിപ്പ്, എ. പി. ജോസ്, പി.റ്റി. ജോർജ്ജ്, സാം ഹെൻട്രി , പി. പി. വർഗീസ്, ലിജോ വർഗീസ്, റോയി മീൻപാറ, സി. റ്റി. ജോണിക്കുട്ടി തുടങ്ങിയവർ വിവിധ ശുശ്രൂഷകളിൽ പങ്കു കൊണ്ടു. ഉച്ച കഴിഞ്ഞ് നടന്ന യോഗത്തിൽ പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തു. പ്രസിഡന്റ്, പി. ഇ. സാംകുട്ടി, സെക്രട്ടറി സാം സക്കറിയ, ഓർഗനൈസർ സി. റ്റി. ജോണിക്കുട്ടി, സ്റ്റേറ്റ് കോ-ഓർഡിനേറ്റർ എം.വി.ബാബു.



സൈമൺ ഗാനങ്ങളിലെ ക്രിസ്തുദർശനം: ജോർജ്ജ് കോശി മൈലപ്ര പ്രബന്ധം അവതരിപ്പിക്കുന്നു.

## എഡിറ്റോറിയൽ

# സംയുക്ത സഭായോഗം



ദൈവജനം ഒന്നിച്ചുകൂടുവാനും ദൈവത്തെ മഹത്വപ്പെടുത്തേണ്ടതിനും ദൈവം നിർദ്ദേശിച്ച വിശുദ്ധ കൂടിവരവാണ് സഭായോഗം. പഴയ നിയമത്തിൽ ഇതിനെ പലപ്പോഴും 'വിശുദ്ധ സഭായോഗം' എന്ന് എടുത്തു പറഞ്ഞിട്ടുണ്ട്. പുതിയ നിയമത്തിൽ 'സഭായോഗങ്ങളെ'ക്കുറിച്ച് തന്നെ പറഞ്ഞിട്ടുണ്ടെങ്കിലും ആഴ്ച വട്ടത്തിന്റെ ഒന്നാം നാൾ വിശുദ്ധന്മാർ കൂടി വന്ന് കർത്താവിന്റെ മരണത്തെ പ്രസ്താവിക്കുന്ന മനോഹരമായ ശുശ്രൂഷ നിർവ്വഹിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഇത് നടന്നു വന്നത്. ആദ്യ കാലങ്ങളിൽ എല്ലാ ദിവസങ്ങളിലും കൂടിവന്നിരുന്നു എങ്കിലും പിന്നീട് അത് ആഴ്ചവട്ടത്തിന്റെ ഒന്നാം നാളായി ക്രമീകരിക്കപ്പെട്ടു (പ്രവൃ. 20:7) എന്ന് മനസ്സിലാക്കാം. ഇത് ഓരോ പ്രാദേശിക സഭയുടെ സാക്ഷ്യമാണെന്നത് മറന്നുകൂടാ.

സെന്റർ കൺവെൻഷനുകളോട് അനുബന്ധിച്ച് വർഷത്തിൽ ഒന്നിലധികം തവണ സെന്ററുകളിലുള്ള സഭകൾ ചേർന്ന് നടത്തുന്ന യോഗമാണ് സംയുക്ത സഭായോഗം. ആഗോള ബ്രദറൺ സമൂഹത്തിൽ കേരളത്തിൽ - മലയാളികളുടെ ഇടയിൽ - മാത്രം കാണുന്ന പ്രത്യേകതയാണ് പ്രാദേശിക സഭാഹാളുകൾ അടച്ചിട്ട് മറ്റൊരിടത്ത് ആരാധനയ്ക്കായി ഒന്നിച്ചുകൂടുന്നത്. ബ്രദറൺ സമൂഹം ആരംഭിച്ച ഇംഗ്ലണ്ടിലോ തുടർന്ന് വ്യാപിച്ച അമേരിക്കയിലോ ഇങ്ങനെയൊരു പ്രവണത കാണുന്നില്ല. അവർ നടത്തുന്ന കോൺഫ്രൻസുകളും മറ്റ് ഇതര സമ്മേളനങ്ങളും എല്ലാം തന്നെ ശനിയാഴ്ചകൊണ്ട് അവസാനിപ്പിക്കുന്നു. ആഴ്ചവട്ടത്തിന്റെ ഒന്നാം ദിവസം സ്ഥലം സഭകളിലുള്ള സഭായോഗം അവർ ഒരു കാരണവശാലും മാറ്റി വയ്ക്കില്ല. സ്ഥലം സഭയുടെ സാക്ഷ്യം അടച്ചിടുന്ന പ്രവണതയും ഇല്ല. കേരളത്തിലെ സാമുദായിക സഭകളും ഒരു കാരണവശാലും അവരുടെ പള്ളികൾ ഞായറാഴ്ച അടച്ചിടാറില്ല. പ്രാദേശിക സഭകളിൽ നിന്നും ഉയരേണ്ട സ്തോത്രവും സംഗീതവും ആരാധനയും നിർത്തിവയ്ക്കുന്നത് സ്ഥലം സഭയുടെ സാക്ഷ്യത്തിന് കുറവാണ്. കേരളത്തിലോ ഇന്ത്യയിലോ എന്താണ് ഇങ്ങനെയൊരു പരിചയത്തിന് കാരണമെന്ന് അറിയണം. നമ്മുടെ സഭകൾക്ക് കേന്ദ്രീകൃതമായ ഭരണങ്ങളോ സംവിധാനങ്ങളോ ഒന്നുമില്ലെങ്കിലും സഭയ്ക്ക് കീഴിൽ വന്ന ചില ചെറു പ്രസ്ഥാനങ്ങളുടെ സുഗമ നടത്തിപ്പിനായി അവ സെന്ററുകളായി തിരിക്കപ്പെടുകയും തുടർന്ന് ആ സെന്ററുകളിൽപ്പെട്ട സഭകൾ ചേർന്ന് സെന്റർ കൺവെൻഷൻ വന്നു; അതോടനുബന്ധിച്ചാണ് ഈ സംയുക്ത സഭായോഗത്തിനും മറ്റും വഴി തെളിഞ്ഞത്. അമേരിക്ക തുടങ്ങിയ രാജ്യങ്ങളിലെ മലയാളികളുടെ കോൺഫ്രൻസുകൾ എല്ലാം തന്നെ ഞായറാഴ്ചയോടുകൂടിയാണ് അവസാനിക്കുന്നത്. അപ്പോൾ തന്നെ എറണാകുളം മുതൽ വടക്കോട്ടുള്ള സ്ഥലങ്ങളിൽ സംയുക്ത സഭായോഗങ്ങൾ കുറവാണ്. ജനറൽ, സെന്റർ കൺവൻഷനുകളും ഇല്ലാ എന്നുതന്നെ പറയാം. പ്രാദേശിക സഭകൾ സ്വതന്ത്രവും അവയ്ക്ക് ഒരോന്നിനും പ്രാദേശികമായ ചിട്ടയും ഭരണവും ഒക്കെയുള്ളപ്പോൾ സംയുക്ത ആരാധനകളിൽ ഇതിൽ ഏതു സഭയുടെ രീതി സ്വീകരിക്കും.

സംയുക്ത ആരാധനയിൽ അതിന്റെ ലാളിത്യം നഷ്ടപ്പെടുന്നു. ജനബാഹുല്യം നിമിത്തം അവിടെ നടക്കുന്നത് പലതും വേണ്ടതുപോലെ അനുഭവിപ്പാൻ കഴിയാതെ വല്യപെരുന്നാൾ കാണാൻ പോകുന്ന പ്രതീതി ഉണ്ടാകുന്നു. മാത്രമല്ല പ്രാദേശിക സഭായോഗം ഉപേക്ഷിക്കപ്പെടുമ്പോൾ ദൂരെ യാത്രചെയ്യാൻ കഴിയാത്തവർക്കും മറ്റും മനസ്സില്ലാതെതന്നെ സഭായോഗങ്ങൾക്ക് മുടക്കം സംഭവിക്കുന്നു. കൂടാതെ യാത്രവേളകളിൽ ഒരു സഭയിൽ സന്ദർഭവശാൽ സഭായോഗത്തിന് കൂടാം എന്ന കണക്കുകൂട്ടലിൽ യാത്ര ചെയ്യുന്നവർക്കും യോഗ നഷ്ടം ഉണ്ടാകാം. ഒരു കാലത്ത് പ്രാദേശിക സഭകളിലെ വിശ്വാസികൾ ഒന്നിച്ചുകൂടുന്നതിനും ബന്ധവും സന്തോഷവുമൊക്കെ പങ്കുവയ്ക്കുന്നതിനായി ആരംഭിച്ച ഈ ക്രമീകരണം വിരസത ഉളവാക്കുന്നതാകരുത്. ആവശ്യമില്ലാത്ത പ്രസ്താവനയോ നോട്ടീസ് വായനയോ അനുവദിക്കാതിരുന്ന സ്ഥിതി മാറിയിരിക്കുന്നു. തുടർന്ന് സ്വാധീനമുണ്ടെങ്കിൽ സ്വകാര്യ പ്രസ്ഥാനങ്ങളെ പരിചയപ്പെടുത്തുവാനും പ്രദർശനം നടത്തുവാനും ഒക്കെയുള്ള വേദിയായി ഈ ആരാധന യോഗങ്ങൾ മാറിയിരിക്കുന്നത് ദു:ഖകരമായ ഒരു വസ്തുതയാണ്.

സ്ഥലം സഭയുടെ പ്രാധാന്യത്തിലേക്കും അതിന്റെ സഭായോഗങ്ങളിലേക്കും നാം മടങ്ങേണ്ട കാലമായി. ദൈവവചനത്തിൽ സംയുക്ത സഭായോഗങ്ങളെക്കുറിച്ചൊന്നും കാണുന്നില്ല. ദൈവവചനത്തിന്റെ അന്ത:സത്ത പാലിക്കുവാൻ നാം ബദ്ധശ്രദ്ധരായിരിക്കണം. തെറ്റായ പരിചയം കുറേനാൾ കഴിയുമ്പോൾ ഉപദേശമായി മാറ്റുവാൻ ശ്രമിക്കുന്നത് ഗുരുതരമായ തെറ്റാണ്. നാം ജാഗരൂഗരായിരിക്കണം.

ഇവാ. എം.വി. ബാബു

# പ്രഷ്യസ് ലൈഫ് മിനിസ്ട്രീസ്

**പുളിയംകുടി:** ബഥേൽ ബ്രദറൺ സഭയുടെ ആഭിമുഖ്യത്തിൽ ചിന്താമണിയിലും ചുറ്റുപാടുമുള്ള ഗ്രാങ്ങളിൽ പരസ്യയോഗങ്ങളും ഭവന സന്ദർശനവും നടന്നു. സഹോദരന്മാരായ എം.വി. ബാബു, ചിന്നരാജ്, ഫിലിപ്പുകുട്ടി, ജോൺ കെന്നഡി, ഗോവിന്ദൻ, വടിവേൽ തുടങ്ങിയവർ പങ്കെടുത്തു. പുളിയംകുടി സഭയുടെ പ്രവർത്തനങ്ങൾ അനുഗ്രഹീതമായി തുടരുന്നു. സഭാഹാളിന്റെ പണി നടന്നുകൊണ്ടിരിക്കുന്നു. റൂഫ് വാർക്കുന്നതിനും മറ്റുപണികൾക്കുമായി മൂന്ന് ലക്ഷം കൂടി ആവശ്യമായിരിക്കുന്നു. ദൈവജനത്തിന്റെ സഹകരണം അഭ്യർത്ഥിക്കുന്നു. ഫിലിപ്പുകുട്ടി സി., പി.ബി.നം. 13, റോട്ടറി ക്ലബ്ബ് സ്ട്രീറ്റ്, ടി. എൻ. പുതുക്കുടി, പുളിയംകുടി പി.ഒ, തിരുനെൽവേലി, തമിഴ്നാട് - 627855,

A/c No. 30668306276 with SBI, Puliyangudi.

## ക്രിസ്തീയ വിശ്വാസികൾ ലോക വ്യാപകയമായി പീഢനത്തിൽ

### പീഡനം അമേരിക്കയിലും – ബൈബിൾ സ്റ്റഡിക്ക് പിഴ

കാലിഫോർണിയയിൽ വർഷിപ്പ് ലീഡർ മാഗസിൻ പബ്ലീഷറായ ചക്ക്ഫോം -സ്റ്റെഫീനാ ദമ്പതികൾ സാൻജുവാൻ കാപിസ്ട്രനോയിലെ തങ്ങളുടെ വീട്ടിൽ ബൈബിൾ സ്റ്റഡി നടത്തിയതിന് മതാചാരപ്രകാരം മുൻസിപ്പിൽ അതോറിറ്റി 300 ഡോളർ പിഴ ഈടാക്കിയതായി റിപ്പോർട്ട്. മതവിശ്വാസം മുഖമുദ്രയായി അറിയപ്പെടുന്ന അമേരിക്കയ്ക്ക് ഇത് അപമാനമാണ്.

### പീഡനം സഭയ്ക്കു വളമാകുന്നു

ചൈനയിലുണ്ടായ കമ്മ്യൂണിസവും ക്യാപ്പിറ്റലിസവും പീഡനങ്ങളും ചൈനീസ് സഭയുടെ വളർച്ചയ്ക്കു വളമാകുന്നു. കഴിഞ്ഞ നാളുകളിലെ ഇത്തരം നടപടികൾ ജനത്തെ ദൈവത്തിങ്കലേക്കും മതവിശ്വാസത്തിലേക്കും തിരിക്കുവാൻ ഇടയായെന്ന് ബി.ബി.സി. റിപ്പോർട്ട്. ഒരു ചൈനീസ് യുവാവ് ബിബിസിയോടു പറഞ്ഞത് ഇങ്ങനെ; തങ്ങളുടെ സഭ അത്ഭുതാവഹമായ നിലയിൽ സഹകരണനെറ്റുവർക്കുകൾ ചെയ്യുന്നു. ഞങ്ങൾക്ക് അൻപതോളം പ്രൊഫഷണൽസുകളുണ്ട്. അവരോരുത്തരും സാമൂഹികസേവനത്തിൽ ഉത്സാഹികളും തിരക്കുള്ളവരുമാണത്രെ.

### ബില്ലിഗ്രഹാം ജീവിതസായാഹ്നത്തിലും തിരക്കിൽ

ലോകപ്രസിദ്ധ സുവിശേഷകൻ ബില്ലിഗ്രഹാം 'ജീവിതം നന്നായി അവസാനിപ്പിക്കുക' എന്നൊരു പുസ്തകം എഴുതിത്തീർത്തതായി റിപ്പോർട്ട്. 92 വയസുള്ള അദ്ദേഹത്തിന്റെ ശുശ്രൂഷകളിലൂടെ 1993 വരെ 25 ലക്ഷത്തിലധികം പേർ കർത്താവിനെ അംഗീകരിക്കുവാൻ മുമ്പോട്ടു വന്നിട്ടുണ്ടെന്നാണ് കണക്കുകൾ. 2008 വരെ 220 ലക്ഷം പേർ തന്റെ ശുശ്രൂഷകൾ ശ്രവിച്ചിട്ടുണ്ടാകാമെന്ന് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു.

### നേപ്പാളിലെ സഭകൾ അസ്വസ്തയിൽ

കാഠ്മണ്ഢുവിൽ നിന്നുള്ള റിപ്പോർട്ടുകൾ അനുസരിച്ച് അവിടനെ നൂറുകണക്കിന് സഭകൾ പീഢനത്തിലൂടെ കടന്നുപോകുന്നു. അയൽ രാജ്യമായ ഇന്ത്യയിൽ, പ്രത്യേകാൽ കേരളത്തിൽ നിന്നുള്ള മിഷനറിമാരാണ് ഇവിടെ പ്രവർത്തിക്കുന്നവരിൽ ഏറെയും. കാഠ്മണ്ഢു താഴ്വരയിൽ ബദ് ശാലേം പുടാലി സാദാേക്ക് എന്ന സഭ 1953 ൽ സ്ഥാപിക്കപ്പെട്ടതാണ്. രണ്ട് മില്യൺ ക്രിസ്ത്യാനികളും നലായിരത്തോളം സഭകളും ഇപ്പോൾ നേപ്പാളിലുണ്ട്. ഇതിൽ അധികംപേരും സ്വസ്തത ഇല്ലാത്ത നിലയിലാണ്. നേപ്പാളിലെ ജനസംഖ്യയിൽ 2.25 ശതമാനം ക്രിസ്ത്യാനികളാണെന്ന് റിപ്പോർട്ട് ചെയ്യുന്നു.

## മറാഠിഭാഷയ്ക്ക് ക്രിസ്തീയ സംഭാനവകൾ

**നാസിക്:** ക്രിസ്ത്യാനികൾ മറാഠി ഭാഷയ്ക്ക് നൽകിയ സംഭാവനകൾ എന്ന വിഷയത്തിന്മേൽ തുടങ്ങിയ സെപ്റ്റംബർ 15 ന് മഹാരാഷ്ട്രയിലെ നാസിക്കിൽ വെച്ച് നടന്ന സെമിനാർ ശ്രദ്ധേയമായി. സലേസ്യൻ ഇൻസ്റ്റിട്യൂട്ട് ഓഫ് ഫിലോസഫി എന്ന സ്ഥാപനമാണ് പ്രസ്തുത സെമിനാർ സംഘടിപ്പിച്ചത്. പണ്ഡിറ്റ് രമാഭായി, ലക്ഷ്മിഭായി തിലക്, ബാബാ പത്മാജി, ഹെന്റി സൂറിംഗ്, എൻ.വി. തിലക്, തോമസ് സ്റ്റീഫൻ, വില്യം ക്യൂറി, എസ്.എൻ. സൂര്യവാൻഷി തുടങ്ങിയവർ നൽകിയ സംഭാവനകളിലേക്ക് ഏറെ വെളിച്ചം വീശുന്നതായിരുന്നു സെമിനാർ. മറാഠി പ്രൊഫസറും എഴുത്തുകാരനുമായ സിസിലിയ കാർവൽഹോ ബ്രാഹ്മണരിൽ നിന്നും ക്രിസ്തീയതയിലേക്കു വന്ന പണ്ഡിറ്റ് രമാഭായി നാരായണൻ വാമനൻ തിലക്,ലക്ഷ്മി ഭായി തിലക് എന്നിവരുടെ ജീവിതം വരച്ചുകാട്ടി. രമാഭായി സാമൂഹിക പരിഷ്കർത്താവും സംസ്കൃത വജ്ഞാനിയുമായിരുന്നു. അവർ തനിച്ചാണ് ബൈബിൾ മുഴുവനായി മറാഠിയിലേക്ക് തർജ്ജിമ ചെയ്തത്. എൻ.വി. തിലക് രണ്ടായിരത്തിലധികം കവിതകൾ രചിച്ചു. തന്റെ 'ക്രിസ്ത്യൻ' എന്ന മഹാകാവ്യം വളരെ ആദരിക്കപ്പെട്ടതാണത്രെ.


**നിയോഗം**

| | |
|---|---|
| Chief Editor | - M.V. Babu |
| Editor | - Molly Babu |
| Managing Editor | - P.O. Samuel |
| Associate Editor's | - Shajahan V. Hassan |
| | - Titus Samuel |
| | - S. Sanjivi |
| U.S. Co-ordianator | - Rajan Thomas NY 914 347 2696 |
| Editorial Board | |
| Mathew Cherian | - TX 281 487 1683 |
| Roy Varghese | - GA 770 755 5345 |
| George Samuel | - Houston |
| Advisory Board | |
| P.A. Philip | - Doha |
| P.T. Philip | - Houston |
| M.V. Sunny | - Dubai |
| Geevarghese Thankachan | - NJ |

Editing, Layout & Design
Puthethu Offset, Kallissery. 0479 2426561
desing: rajeshprasadam@gmail.com



**"സ്നേഹത്തിൽ സത്യം സംസാരിച്ചുകൊണ്ട്"**

നിയോഗം വിശ്വാസത്തിന്റെ കാൽവയ്പാണ്.
ഈ ശുശ്രൂഷയെ പ്രാർത്ഥനയിൽ ഓർക്കുകയും
നിങ്ങളുടെ പ്രതികരണങ്ങൾ അറിയിക്കുകയും ചെയ്യുക.
വാർഷിക വരിസംഖ്യ 100 രൂപ (ഇന്ത്യ),
25 ഡോളർ (യു.എസ്.എ), 500 രൂപ (ഗൾഫ്)

**വിദേശരാജ്യങ്ങളിലേക്കുള്ള തപാൽ ചാർജ് ക്രമാതീതമായി വർദ്ധിച്ചിരിക്കുന്നതിനാൽ വരിക്കാർ വരിസംഖ്യയും സംഭാവനകളും അയച്ചുതന്ന് സഹകരിക്കുമല്ലോ**

വാർത്തകൾ, രചനകൾ, കത്തുകൾ,
വരിസംഖ്യ, വിലാസമാറ്റം, എന്നിവ അയയ്ക്കേണ്ട വിലാസം



**M.V. BABU, NIYOGAM**
**KALLISSERY P.O,**
**KERALA - 689 124**
**PH:0479-2426084, 9447124260**
E-mail: niyogam_news@yahoo.com
E-mail - ൽ മാസിക ആവശ്യമുള്ളവർ E-mail ചെയ്യുക
niyogampatram@yahoo.com

കഴിഞ്ഞ ലക്കം തുടർച്ച

# മഹത്തായ അഞ്ച് ആനുകൂല്യങ്ങൾ

ഇവാ. ടൈറ്റസ് ഇടയാറന്മുള

**എ**ബ്രായലേഖനം 6–ാം അദ്ധ്യായം 1 മുതൽ 8 വരെയുള്ള ഭാഗത്ത് പറയപ്പെടുന്ന യഹൂദവിഭാഗത്തിന് ലബ്ദമായ അഞ്ച് വിധ ആനുകൂല്യങ്ങളാണ് നാം വിചിന്തനം ചെയ്തു വന്നത്. അവയിൽ ആദ്യം പറയപ്പെടുന്ന മൂന്ന് ആനുകൂല്യങ്ങൾ; അതായത്, ഒരിക്കൽ പ്രകാശനം ലഭിച്ചവർ, സ്വർഗ്ഗീയദാനം ആസ്വദിച്ചവർ, പരിശുദ്ധാത്മാവിനെ പ്രാപിച്ചവർ ഇവ മൂന്നും കഴിഞ്ഞ ലക്കത്തിൽ നാം ചിന്തിക്കയുണ്ടായി. പ്രകാശനം ലഭിച്ചെങ്കിലും .... അവർ വിശ്വസിച്ചില്ല, ദൈവത്തിന്റെ മഹത്തായ ദാനമായ രക്ഷയെ അവർ കൈക്കൊണ്ടില്ല, പരിശുദ്ധാത്മാവിനോട് കേവലമായ സമ്പർക്കം മാത്രമേ ഈ കൂട്ടർക്ക് ഉണ്ടായിരുന്നുള്ളൂ എന്നു വരെ കഴിഞ്ഞ ലക്കത്തിൽ നാം ചിന്തിച്ചു. തുടർന്ന് മഹത്തായ ഈ അഞ്ച് ആനുകൂല്യങ്ങൾ നാലാമത്തേതും അഞ്ചാമത്തേതുമായ ആനുകൂല്യങ്ങളും തുടർന്നു നൽകിയിട്ടുള്ള ....പ്രബോധനവുമാണ് ഇവിടെ ചിന്തിക്കുവാൻ പോകുന്നത്.

**IV. വചനം ആസ്വദിച്ചവർ :** ഇവിടെ പറയുന്ന കൂട്ടർ ദൈവവചനം ആസ്വദിച്ചവരായിട്ടത്രെ കാണപ്പെടുന്നത്. ഗ്രീക്കിലെ പദം "റീമാ" എന്നാണ്. ഇത് വചനത്തെ മൊത്തത്തിലല്ല; ഭാഗികമായിപ്പറയുന്ന പദമാണ്. വചനത്തെ മൊത്തമായിപ്പറയുവാൻ റീമാ എന്ന പദമല്ല ലോഗോസ് എന്ന വാക്കാണ് ഉപയോഗിച്ചിട്ടുള്ളത്. എന്നാൽ 'റീമാ' എന്ന പദം വേദഭാഗത്തിനന്വർത്ഥമായാണ് കാണപ്പെടുന്നത്. സ്വർഗ്ഗീയദാനത്തെയെന്നപോലെ, ദൈവീകമൊഴികളെ അവർ കേൾക്കുകയും അതിന്റെ മാതൃക (മൊത്തത്തിന്റെ ഗുണത്തെ കാണിക്കുന്ന ഒരു ഭാഗം) അവർ പരിശോധിക്കയും രുചിച്ചു നോക്കുകയും ചെയ്തുവെങ്കിൽപ്പോലും അവർ അത് ഭക്ഷിച്ചില്ല. ദൈവത്തെപ്പറ്റിയുള്ള ഉപദേശം അവർ



പ്രാപിച്ചു; അവർ സഭാ കൂടി വരവുകളിൽ മുടങ്ങാതെ സംബന്ധിച്ചു; കേട്ടത് കരുതലോടെ ശ്രദ്ധിക്കുകയും അതെപ്പറ്റി അവർ വിചിന്തനം ചെയ്യുകയും ഒക്കെ ചെയ്തിരിക്കാം. വളരെ ആവേശത്തോടും വിലമതിപ്പോടും കൂടെ അവർ അതിനെ വീക്ഷിച്ചിരിക്കാം. എന്നാൽ യിരമ്യാവിനെപ്പോലെ "ഞാൻ നിന്റെ വചനങ്ങളെ കണ്ടെത്തി ഭക്ഷിച്ചിരിക്കുന്നു. നിന്റെ വചനങ്ങൾ എനിക്ക് സന്തോഷവും എന്റെ ഹൃദയത്തിന് ആനന്ദവുമായി (യിരമ്യാ. 15:16) എന്ന് പറയുവാൻ അവർക്ക് ഇടയായില്ല. അവർ ആസ്വദിച്ചെങ്കിലും ഭക്ഷിച്ചില്ല.

ഹേരോദാവ് ഇതുപോലുള്ള വ്യക്തിയായിരുന്നു. യോഹന്നാൻ കടുത്ത ഭാഷയിൽ രാജാവിന്റെ മുഖത്ത് നോക്കിപ്പറയുമ്പോഴും, യോഹന്നാന്റെ പ്രസംഗത്തെ അവൻ സന്തോഷത്തോടെ കേട്ടു; ശക്തനായ ആ പ്രസംഗിയിൽ അവൻ ആകൃഷ്ടനുമായി. ദൈവത്തിന്റെ സന്ദേശത്തിന്റെ ആ മാതൃക അവന് ബോധിച്ചു. എന്നാൽ ഒരു തീരുമാനമെടുക്കേണ്ട സ്ഥിതി വന്നപ്പോൾ ദൈവപുരുഷനെയും അവൻ മുഖാന്തിരം അറിയിച്ച വചനത്തെയും അവൻ നിരാകരിക്കയാണുണ്ടായത് (മത്താ. 6:20). വൈമനസ്യത്തോടെയെങ്കിലും യോഹന്നാന്റെ ശിരസ്സ് ഛേദിക്കുവാൻ അവൻ സമ്മതിക്കയായിരുന്നു. ക്രിസ്തുവിനെ നിരാകരിച്ചവരാണവർ. ഇവർ അപ്പോസ്തലന്മാരുടെ പ്രസംഗങ്ങൾ കേട്ടവരും അടയാളങ്ങൾ കണ്ടവരുമാണ്, (2:4). ദൈവത്തിന്റെ രക്ഷാമഹത്വത്തെയും വചനത്തെയും അവർ ദർശിച്ചവരാണ്; ബൗദ്ധികമണ്ഡലത്തിൽ അവർ അതംഗീകരിച്ചിട്ടുമുണ്ട്. വസ്തുത അറിഞ്ഞവരും, സാക്ഷി നിന്നവരും, സുവിശേഷം വിശ്വസിക്കുവാൻ ഉള്ള അനുഗ്രഹാവസരം ലഭിച്ചവരും, അവർ ആരു തന്നെ ആയിരുന്നാലും മനഃപൂർവ്വമായി പിന്മാറിപ്പോയാൽ അവർ നിത്യമായി നഷ്ടപ്പെട്ടവരാണ്. അവർ സുവിശേഷത്തെ പരിത്യജിച്ചവർ മാത്രമല്ല; ദൈവപുത്രനെ തങ്ങൾക്ക് തന്നെ ക്രൂശിക്കുന്നവരും അവന് ലോകാപവാദം വരുത്തുന്നവരുമത്രെ. ഒന്നുകിൽ പൂർണ്ണമായ അറിവോടെ ക്രിസ്തുവിങ്കലേക്ക് അവർ വന്ന് രക്ഷ പ്രാപിക്കയോ അല്ലാത്ത പക്ഷം മനഃപൂർവ്വമായി വിശ്വാസത്യാഗത്തിലേക്ക് പിന്മാറി നശിപ്പിക്കപ്പെടുകയോ അത്രെ ചെയ്യുന്നത്.

6:6–ൽ കാണുന്ന "കഴിവുള്ളതല്ല" എന്ന പദത്തെ "പ്രയാസമുള്ള; വിഷമമുള്ള എന്നൊക്കെ ചിലർ പരിഭാഷപ്പെടുത്തുന്നു. 'അഡുണാറ്റോസ്' എന്ന ഗ്രീക്ക് പദത്തിന് Impossible അഥവാ അസാധ്യം എന്നു തന്നെയാണർത്ഥം. ഇതേ പദം ഈ ലേഖനത്തിൽ പല ഭാഗത്തും കാണുന്നുണ്ട്. "ദൈവത്തിന് ഭോഷ്ക് പറയുവാൻ കഴിയാത്ത" (6:18); "ആട്ടുകൊറ്റന്മാരുടെയും കാളക്കിടാക്കളുടെയും രക്തത്തിന് പാപത്തെ നീക്കിക്കളയുവാൻ കഴിയുകയില്ല" (10:4), "എന്നാൽ വിശ്വാസം കൂടാതെ ദൈവത്തെ പ്രസാദിപ്പിക്കാൻ കഴികയില്ല" (11:6) ഇവിടെയെല്ലാം "അസാധ്യം എന്നർത്ഥമുള്ള 'അഡുണാറ്റോസ്' എന്ന പദം തന്നെയാണ് ഉപയോഗിച്ചിരിക്കുന്നത്. അപകടത്തിന്റെ കഠിനമായ അന്ത്യത്തെ ലാഘവത്തോടെ വീക്ഷിച്ചുകൂടാ; വിശ്വാസത്യാഗികളെ മാനസ്സാന്തരത്തിലേക്കു പുതുക്കുക തികച്ചും അസാധ്യമായ കാര്യം തന്നെ.

'പുതുക്കുക' എന്നതിന് യഥാസ്ഥാനപ്പെടുത്തുക; ആദ്യാവസ്ഥയിലേക്ക് മടക്കിക്കൊണ്ടു വരിക' എന്നൊക്കെയാണർത്ഥം. സുവിശേഷം ആദ്യമായി കേട്ടപ്പോൾ അവർക്കുണ്ടായ ഉത്തേജനം, അതായിരുന്നു അവരുടെ ആദ്യാവസ്ഥ. യഹൂദത്വ (Judaism) ത്തിൽനിന്നും ക്രൈസ്തവത്വത്തിന്റെ വക്കോളം അവർ എത്തി. വ്യക്തമായ ഒരു മാനസ്സാന്തരവും അവരിൽ ദൃശ്യമായിരുന്നു; പഴയ വഴികളിൽ നിന്നും അവർ പിന്മാറി, പാപത്തിൽ നിന്ന് ഒഴിഞ്ഞുമാറുവാൻ അവർ പരിശ്രമിച്ചു; ദൈവത്തിങ്കലേക്ക് തിരിയുവാൻ അവർ ആസ്വദിച്ചിരുന്നു. രക്ഷയുടെ വക്കോളം അവർ എത്തി. ദൈവീക വെളിപ്പാടുകൾ ഏതെല്ലാമോ അതെല്ലാം അവൻ അവർക്ക് നൽകി. ഇനിയും ഇതു സംബന്ധിച്ച് യാതൊന്നും കൂടെ അവരോട് പറയുവാൻ ഉണ്ടായിരുന്നില്ല. എന്നിട്ടും അവർ പിന്മാറിയെങ്കിൽ ദൈവീക വെളിപ്പാടുകളുടെ മഹാപ്രളയത്തിന് എതിരെയാണ് അവർ പാപം ചെയ്തത്. പഴയനിയമത്തിൻ കീഴിൽ ജനിച്ച് വളർന്ന് പുതിയനിയമത്തിന്റെ പൂർണ്ണതയും സൗന്ദര്യവും കാണുവാൻ പ്രാപ്തി ലഭിച്ചവരായിരുന്നു അവർ. അങ്ങനെയുള്ള

ശേഷം : 4 പേജിൽ

സഹോദരി പംക്തി

# നവരത്നങ്ങൾ നഷ്ടപ്പെടുന്നു

മെറീന ജോണി

**തീ**പോലെ ആളിപ്പടരുന്ന സ്വർണ്ണവില. തന്മൂലം മനുഷ്യനു പ്രാണഹാനി സംഭവിച്ചുകൊണ്ടിരിക്കുന്നു. "നീ രക്താംബരം ധരിച്ചാലും പൊന്നാഭരണം അണിഞ്ഞാലും നിന്റെ കണ്ണിൽ മഷി എഴുതിയാലും വ്യർത്ഥമായി നിനക്കു സൗന്ദര്യം വരുത്തുന്നു; നിന്റെ ജാരന്മാർ നിന്നെ നിരസിച്ചു നിനക്കു പ്രാണഹാനി വരുത്തുവാൻ നോക്കുന്നു" (യിര. 4:30). ദൈവം ഹോരെബിൽ വെച്ചു നീക്കിക്കളയുവാൻ കല്പിച്ച ആഭരണങ്ങൾ വീണ്ടും അണിയുവാൻ വെമ്പൽ കൊള്ളുന്ന വിശ്വാസസഹോദരികൾ, അല്പമൊന്നണിഞ്ഞ് ഈ ലോകത്തോടു ചേർന്നു നിന്നാൽ നിന്ദകളാലും പീഢകളാലും കൂത്തുകാഴ്ചയാകില്ലെന്നു വിശ്വസിക്കുന്ന പ്രിയപ്പെട്ടവർ. ആത്മാവിനെയല്ല ജഡത്തെ അനുസരിച്ചു നടക്കുന്ന വീണ്ടെടുക്കപ്പെട്ടവരുടെ കാലഘട്ടത്തിലേക്കു വിശ്വാസികൾ താണുകൊണ്ടിരിക്കുന്നു. ഒരു പാപി മാനസാന്തരപ്പെട്ടു ക്രിസ്തുയേശുവിൽ വിശ്വസിക്കുമ്പോൾ ദൈവം ചില വിലപിടിപ്പുള്ള നശിച്ചുപോകാത്ത കൊള്ളയടിക്കപ്പെടാത്ത രത്നങ്ങൾ അവരെ ആത്മാവിൽ അണിയിച്ചിട്ടുണ്ട്. ആത്മാവിനെ അനുസരിച്ചു നടക്കുമ്പോൾ അവ പ്രതിഫലിപ്പിക്കപ്പെടുന്നു. എന്നാൽ പലപ്പോഴും നാം ഇതിൽ പരാജയപ്പെടുകയല്ലേ? ഈ ലോകത്തിനനുരൂപരാകരുതെന്ന ദൈവവചനം നാം വിസ്മരിക്കുകയല്ലേ? നമ്മുടെ നോട്ടം ക്രിസ്തുവിൽ നിന്നും അവന്റെ കഷ്ടാനുഭവങ്ങളിൽ നിന്നും മാറിപ്പോകുന്നില്ലേ?

മുടിയനായ പുത്രൻ മാനസാന്തരപ്പെട്ടു പിതൃഭവനത്തിലേക്ക് മടങ്ങി വന്നപ്പോൾ അവന്നു മേൽത്തരമായ അങ്കിയും, കൈക്കു മോതിരവും കാലിനു ചെരിപ്പും ആ പിതാവും ധരിപ്പിച്ചു. അതിലും എത്രയോ ശ്രേഷ്ഠമായിട്ടുള്ളതാണ് നമ്മുടെ കർത്താവു നമ്മെ ധരിപ്പിച്ചിരിക്കുന്നത്. അരെക്കു സത്യവും കവചമെന്ന നീതിയും സമാധാനസുവിശേഷത്തിന്നായുള്ള ഒരുക്കം ചെരിപ്പും വിശ്വാസമെന്ന പരിചയും രക്ഷ എന്ന ശിരസ്ത്രവും വചനമെന്ന വാളും. ഇവയിൽ ഏതെങ്കിലും ഒന്നു കുറഞ്ഞുപോകുമ്പോഴാണ് പിശാച് നമ്മെ പരാജയപ്പെടുത്തുവാൻ ഇടയാകുന്നത്. യിസ്രായേൽ രാജാവായിരുന്ന ആഹാബിനെ യുദ്ധത്തിൽ തോല്പിക്കുവാൻ ഇടയായതു കവചത്തിനും പതക്കത്തിനും ഇടയിൽ വിടവു വന്നതുകൊണ്ടെന്നു നാം വായിക്കുന്നു. (1 രാജാ 22:34). ദൈവം ആത്മാവിൽ നമുക്കു നിറച്ചു തന്നിരിക്കുന്ന രത്നങ്ങൾ ആകുന്ന സ്വഭാവവിശേഷതകൾ അകത്തു വിളങ്ങി പുറത്തു തിളങ്ങി വരേണ്ടതാണ്. ഒൻപതു വിലപ്പെട്ട രത്നങ്ങൾ നാം എപ്രകാരം വിനിയോഗിക്കുന്നു എന്നു നമുക്കു പരിശോധിക്കാം.

1. **സ്നേഹം :–** പാപികളായ ശത്രുവർഗ്ഗത്തിൽപ്പെട്ടവരായിരുന്ന നമ്മെ ദൈവം സ്നേഹിച്ചു. അവന്റെ പുത്രനെ നൽകി നമ്മോടുള്ളസ്നേഹം ദൈവം വെളിപ്പെടുത്തി. കർത്താവു സ്നേഹിച്ചതു കർത്താവിൽ വിശ്വസിച്ചവരെ മാത്രമല്ല മനുഷ്യവർഗ്ഗത്തെ മുഴുവനായി സ്നേഹിച്ചു. നമുക്കിന്നു അന്യോന്യം സ്നേഹിക്കുവാൻ കഴിയുന്നുണ്ടോ? കൂട്ടുവിശ്വാസിയുടെ കുറവുകളെ പർവ്വതീകരിക്കുന്നതിലല്ലേ നാമിന്നു ശ്രമിക്കുന്നത്. "സ്നേഹിതൻ എല്ലാ കാലത്തും സ്നേഹിക്കുന്നു. അനർത്ഥകാലത്തു അവൻ സഹോദരനായിത്തീരുന്നു (സദൃ. 17:17).

2. **സന്തോഷം :** കർത്താവിനു വേണ്ടി കഷ്ടത, പട്ടിണി, മരണഭയം എന്നിവയനുഭവിച്ച പൗലോസ് അപ്പൊസ്തലൻ ഫിലിപ്യയിലുള്ള വിശ്വാസികളോടു പറയുകയാണ് കർത്താവിൽ എപ്പോഴും സന്തോഷിപ്പിൻ (ഫിലി. 4:4). നമ്മുടെ

ശേഷം : 5 പേജിൽ

### മഹത്തായ അഞ്ച് ആനുകൂല്യങ്ങൾ

*3-ാം പേജിൽ നിന്നും തുടർച്ച*

വർ പിന്മാറിപ്പോയാൽ, അവരെ മടക്കിവരുത്തുക എന്നത് ചിന്തിക്കാൻ പോലും അസാദ്ധ്യം! സത്യത്തിന്റെ തിരിച്ചറിവിന്റെയും കാഴ്ചപ്പാടിന്റെയും ഉത്തുംഗതയിൽ ഒരുവൻ ക്രിസ്തുവിനെ തള്ളിക്കളഞ്ഞാൽ അതിനെക്കാൾ താണ തലത്തിൽ ഒരിക്കലും അവൻ ക്രിസ്തുവിനെ അംഗീകരിക്കയില്ല. അങ്ങനെ രക്ഷ അവർക്ക് അസാദ്ധ്യമായിത്തീരുകയും ചെയ്യുന്നു.

**വചനാസ്വാദനം തത്വത്തിൽ അവനെ അധികം കുറ്റബോധമുള്ളവനാക്കിത്തീർത്തു.**

ഭക്ഷിക്കുന്നതിന്റെ ആദ്യപടിയത്രെ രുചിച്ചു നോക്കുന്നത്. ദൈവവചനം രുചിച്ചു നോക്കുന്നത് തെറ്റല്ല. യഹോവ നല്ലവൻ എന്ന് രുചിച്ചറിവിൻ' (സങ്കീ. 34:8) എന്നത്രെ ദാവീദ് പറയുന്നത്. ഏതു മനുഷ്യനും തന്റെ രക്ഷക്ക് മുമ്പെ ഒരളവുവരെ സുവിശേഷത്തെ രുചിച്ചുനോക്കേണ്ടതുണ്ട്. എന്നാൽ രുചിച്ചുനോക്കൽ നിർത്തിക്കളയുന്നതാണ് യഥാർത്ഥപ്രശ്നം. ആദ്യമായി.. ശ്രമിക്കുന്ന പലരെയും പോലെ സുവിശേഷത്തിന്റെ മാധുര്യത്തിലും മനോഹാരിതയിലും ഈ യഹൂദ ജനതയും ആകൃഷ്ടരായിരുന്നു. അത് ഏറെ രുചിയുള്ളതായി അവർക്ക് തോന്നിയെങ്കിലും അവർ അത് ഭക്ഷിച്ചില്ല; അതവർക്ക് ദഹിച്ചില്ല. അവർ ജയിച്ചുകൊണ്ടു മാത്രം ഇരുന്നു.

**V. വരുവാനുള്ള ലോകത്തിന്റെ ശക്തിയെ ആസ്വദിച്ചവർ**

വരുവാനുള്ള 'യുഗം' എന്നാണ് ശരിയായ പരിഭാഷ; അത് ദൈവം സ്ഥാപിക്കുവാനുള്ള രാജ്യത്തിന്റെ സൂചനയാണ്. ഈ കൂട്ടർ യാതൊരു അടയാളങ്ങൾ കണ്ടുവോ അത് കർത്താവിന്റെ വാഴ്ചക്കാലത്ത് വീണ്ടും കാണുവാൻ പോകയാണ്. അടയാളങ്ങളും അത്ഭുതങ്ങളും അനവധിയായി കാണുന്തോറും അത് അംഗീകരിക്കാത്തിടത്തോളെ അവർ കൂടുതൽ കുറ്റക്കാരായി പരിണമിച്ചുകൊണ്ടിരുന്നു. അന്ധന് കാഴ്ച നൽകിയവനെയോ മരിച്ച ലാസറിനെ ഉയർപ്പിച്ചവനെയോ നേരിൽ കണ്ടിട്ടും അവനെ വിശ്വസിക്കാതിരുന്നവരുടെ ഹൃദയകാഠിന്യം വിവരിക്കേണ്ടതുണ്ടോ? ഈ യഹൂദജനത അതിശയകരമാംവണ്ണം ദൈവപ്രകാശനം ലഭിച്ചവരും, പരിശുദ്ധാത്മാവിനോട് സമ്പർക്കം പുലർത്തിയവരും, സ്വർഗ്ഗീയദാനം ആസ്വദിച്ചവരും വചനം രുചിച്ചവരും അവന്റെ ശക്തിയെ ആസ്വദിച്ചവരുമാണ്; അപ്പോൾത്തന്നെ അവർ അവിശ്വാസികളുമത്രെ.

ഇവരോടുള്ള വിപൽ പ്രബോനമാണ് 6:4-6 വരെയുള്ള വാക്യങ്ങൾ. അതായത് ഇത്രയുമൊക്കെ ആനുകൂല്യങ്ങൾ ലഭിച്ചവർ ബോധപൂർവ്വം കർത്താവിനെ കൈക്കൊള്ളാതിരുന്നാൽ ആ കൂട്ടരെ വീണ്ടും മാനസ്സാന്തരത്തിലേക്ക് കൊണ്ടുവരുവാൻ കഴികയില്ല എന്നാണ് ലേഖനകാരൻ പറയുന്നത്. ഈ മുന്നറിയിപ്പ് വിശ്വാസികൾക്ക് നൽകുന്നതാകയാൽ, രക്ഷ നഷ്ടപ്പെടാൻ സാധ്യതയുണ്ടെന്നാണ് പലരുടെയും വ്യാഖ്യാനം. ഈ വ്യാഖ്യാനം സ്വീകരിക്കുന്ന പക്ഷം, ഒരിക്കൽ രക്ഷ നഷ്ടപ്പെട്ടാൽ പിന്നീടത് വീണ്ടെടുക്കുവാൻ സാധ്യമല്ല എന്നും കൂടെ വ്യാഖ്യാനിക്കേണ്ടി വരും. അങ്ങനെയെങ്കിൽ ആ വ്യക്തി നിത്യനാശത്തിനർഹനാകും. എന്നാൽ രക്ഷ നഷ്ടപ്പെടുമെന്ന് ഒരു വിശ്വാസി ഭയപ്പെടേണ്ടതില്ല. ഒരിക്കലുമില്ല (യോഹ.10:27-29; റോമ. 8:35, 38-39). ക്രിസ്തുവിന്റെ മരണം നമ്മുടെ രക്ഷക്ക് കാരണമെങ്കിൽ അവന്റെ ജീവശക്തിയും മദ്ധ്യസ്ഥതയും നമ്മുടെ രക്ഷയെ സൂക്ഷിപ്പാൻ തികച്ചും മതിയായതാണ് (റോമ. 5:10).

രക്ഷിക്കപ്പെടുവാനുള്ള അവസരത്തെ പാഴാക്കുന്ന അവിശ്വാസികളാണ് തത്വത്തിൽ രക്ഷയെപ്പറ്റി ഭയപ്പെടേണ്ടത്. തങ്ങളുടെ ആത്മീകമായ അപക്വതയും, അലസതയും നിമിത്തം യഹൂദത്വത്തിലേക്ക് മടങ്ങിപ്പോയ ഈ യഹൂദന്മാർ വീണ്ടും മാനസാന്തരപ്പെട്ട് യേശുക്രിസ്തുവിങ്കലേക്ക് വരുവാൻ മനസ്സില്ലാത്തവരായിത്തീർന്ന സ്ഥിതിക്ക് അവരാണ് ഭയപ്പെടേണ്ടത്. അറിവിന്റെയും പാപബോധത്തിന്റെയും ഉത്തുംഗതയിൽ അവരെ മാനസ്സാന്തരത്തിലേക്ക് പുതുക്കുവാൻ കഴിയാത്തതിന്റെ മറ്റൊരു കാരണം അവർ തങ്ങൾക്ക് തന്നെ ദൈവപുത്രനെ ക്രൂശിക്കുകയും അവന് ലോകാപവാദം വരുത്തുകയും ചെയ്തു എന്നുള്ളതാണ്; കാരണം അവൻ യഥാർത്ഥ പരിഹാരം എന്ന് അവർ വിശ്വസിച്ചില്ല. അവരെ സംബന്ധിച്ചിടത്തോളം യേശു ചതിയനും വഞ്ചകനുമാണ്; അവന് ലഭിച്ചത് അർഹമായത് തന്നെ. അവനെ ക്രൂശിച്ചവരോട് അവനും യോജിക്കുന്നു. അവനെ വീണ്ടും അവർ അപമാനിക്കയാകുന്നു. യേശുവിന്മേൽ ചുമത്തപ്പെട്ട കുറ്റങ്ങളെല്ലാം തന്നെ ശരിയാണെന്നത്രെ അവരുടെ മതം.

ഒരുവൻ സുവിശേഷത്താൽ പ്രകാശിതനായ ശേഷം വിശ്വാസത്യാഗികളായ ഈ യഹൂദന്മാർക്ക് സമമാണ് അവൻ. ആക്ഷരീകമായി അവന്റെ കൈകാലുകളിൽ അവൻ ആണിയടിച്ചില്ലെങ്കിലും അവനെ ക്രൂശിച്ചവർക്ക് പങ്ക് നിൽക്കുന്നവനാണ് അവൻ. തികഞ്ഞ വെളിച്ചത്തിലാണ് അവൻ അത് ചെയ്യുന്നതെങ്കിൽ ആ വ്യക്തി വിശ്വാസത്യാഗിയായി മാറിക്കഴിഞ്ഞു; അവനെ മാനസ്സാന്തരത്തിലേക്ക് പുതുക്കുവാൻ സാധിക്കയില്ല. സുവിശേഷത്തിന്റെ തികഞ്ഞ വെളിച്ചത്തിലും ശക്തിയിലും അവൻ കർത്താവിനെ നിരാകരിച്ചിരിക്കയുമാണ്. കർത്താവിനോടു കൂടെ നടക്കയും സംസാരിക്കയും സമ്പർക്കം പുലർത്തുകയും ചെയ്ത യിസ്കര്യോത്താ യൂദക്ക് സമനാണ് അങ്ങനെയുള്ളവർ; നിത്യനാശമത്രെ അവരെ കാത്തിരിക്കുന്നത്.

സുവിശേഷത്തിന്റെ വക്കിൽ നിൽക്കയും, തീരുമാനമെടുക്കാതിരിക്കയും, ബാഹ്യമായി സുവിശേഷത്തെ എതിർക്കാതിരിക്കയും ചെയ്താൽ സുരക്ഷിതനാണെന്ന ചിന്ത അപകടകരമാണ്. ഒരുവൻ എത്ര മാത്രം രക്ഷയുടെ വക്കിൽ നിൽക്കുന്നുവോ അത്ര മാത്രം അവൻ പഴയതിനോടു ചായ്‌വുള്ളവനാണ്. രക്ഷയുടെ വക്കിൽ മാത്രം ദീർഘകാലം നിന്നാൽ സുവിശേഷത്തിൽനിന്നും അവൻ അകന്നുപോകുവാനുള്ള സാധ്യത വളരെ വലുതാണ്. ഒരു പക്ഷെ അത് ബോധപൂർവ്വം ക്രിസ്തുവിനെതിരെ എടുക്കുന്ന ഒരു തീരുമാനമായിരിക്കണമെന്നില്ല. സമ്പൂർണ്ണപ്രകാശം ലഭിച്ചിട്ടും ക്രിസ്തുവിൽ നിന്നും അകന്നു മാറുന്നവൻ സ്വഹൃദയത്തിൽ അവനെ വീണ്ടും ക്രൂശിക്കുന്നവനും, കർത്താവിന്റെ... നിന്ന് തന്നെ ത്താൻ ദൂരവെ അകറ്റിക്കളയുന്നവനുമാകുന്നു.

ചുരുക്കത്തിൽ എബ്രായലേഖനം 6-ാം അദ്ധ്യായം 1 മുതൽ 6 വരെയുള്ള വാക്യങ്ങൾ യാതൊരു വിധത്തിലും വിശ്വാസികളെയോ അവരുടെ ആത്മരക്ഷയുടെ നഷ്ടത്തെയോ അല്ല പ്രത്യുത, രക്ഷയുടെ പ്രകാശനം ലഭിച്ചിട്ടും സ്വതന്ത്രബുദ്ധിയോടെ, ഇച്ഛയോടെ കർത്താവിൽ നിന്നും അകന്ന് വിശ്വാസത്യാഗികളായിത്തീർന്ന യഹൂദജനതയെക്കുറിച്ചാണ് അപ്പോസ്തലൻ പറയുന്നത് എന്ന് മനസ്സിലാക്കാം.

പ്രിയ വായനക്കാരാ, ക്രിസ്തുവിനെയും, അവന്റെ വചനത്തെയും അവന്റെ മഹത്വത്തെയും അവൻ ക്രൂശിൽ ഒരുക്കിയ രക്ഷാമാർഗ്ഗത്തെയും രക്ഷിക്കപ്പെടേണ്ടതിന്റെ ആവശ്യകതയും വേണ്ടുവോളം മനസ്സിലാക്കിയിട്ടും രക്ഷയുടെ പടിവാതിലോളം എത്തി നിത്യനാശത്തിലേക്ക് പോകുന്നവരുടെ കൂട്ടത്തിലോ ജീവരക്ഷ പ്രാപിക്കുന്നവരുടെ കൂട്ടത്തിലോ നിങ്ങൾ? ഇപ്പോൾത്തന്നെ സ്വയം ചിന്തിക്കുക; തീരുമാനമെടുക്കുക. പ്രീയ വിശ്വാസികളെ! നിങ്ങൾ വാസ്തവമായി രക്ഷിക്കപ്പെട്ടവരെങ്കിൽ നിങ്ങളുടെ രക്ഷ ഒരു നാളും നഷ്ടപ്പെടുന്നതല്ല എന്നും ഗ്രഹിച്ചുകൊൾക.

●

# യിസ്രായേലിന്റെ മഹത്വം




സി.വി. ഉമ്മൻ

*1950 സെപ്റ്റംബർ - ചിങ്ങം 1126*

**യി**സ്രായേൽ ദൈവത്തിന് പുരോഹിതരാജത്വവും വിശുദ്ധജനവും ആയിരുന്നു. അവരെ സകല ജാതികളിലും വെച്ചു പ്രത്യേകസമ്പത്തായി ദൈവം തിരഞ്ഞെടുത്തു. അതുകൊണ്ട് അവന്റെ മഹത്വം അവരുടെ ധനവും നിക്ഷേപവും അത്രെ. ലബാനോന്റെ മഹത്വം അവിടെയുള്ള ചേതോഹരങ്ങളായ കാരകിലുകൾ ആണ്. എന്നാൽ യിസ്രായേലിന്റെ മഹത്വം യഹോവ ആയിരുന്നു എന്നുള്ളത് പ്രശംസനീയമായ ഒരു വാസ്തവം തന്നെ. യഹോവയുടെ കല്പനപ്രകാരം മോശെ സമാഗമനകൂടാരത്തിന്റെ പണി മുഴുവൻ സമാപിപ്പിച്ചപ്പോൾ യഹോവയുടെ തേജസ്സു തിരുനിവാസത്തെ നിറച്ചു എന്നു പുറപ്പാടുപുസ്തകത്തിൽ നാം വായിക്കുന്നു (പുറ.40:34). ശലോമോൻ ദേവാലയം പണിത് പെട്ടകം സീയോൻ എന്ന ദാവീദിൻ നഗരത്തിൽ നിന്നു കൊണ്ടുവന്നു. ആലയത്തിലെ അന്തർമന്ദിരത്തിൽ അതിവിശുദ്ധസ്ഥലത്തു കെരൂബുകളുടെ ചിറകിൻകീഴെ വെയ്ക്കുകയും പുരോഹിതന്മാരും ലേവ്യരും ഒത്തൊരുമിച്ചു വാദിത്രങ്ങളോടും കൈത്താളങ്ങളോടും കാഹളങ്ങളോടും കൂടെ 'അവൻ നല്ലവനല്ലോ അവന്റെ ദയ എന്നേക്കുമുള്ളത്' എന്നു ഏകസ്വരമായി കേൾക്കുമാറു യഹോവയെ വാഴ്ത്തി സ്തുതിക്കയും ചെയ്തപ്പോൾ യഹോവയുടെ ആലയമായ മന്ദിരത്തിൽ ഒരു മേഘം നിറയുകയും യഹോവയുടെ തേജസ്സ് ദൈവാലയത്തിൽ പ്രശോഭിക്കയും ചെയ്തു (2 ദിന 5:13,14). ഇങ്ങനെ, യിസ്രായേലിന്റെ മരുപ്രയാണത്തിൽ സമാഗമനൂടരത്തിലും വിശുദ്ധകനാനിൽ സ്ഥിരവാസമാക്കിയപ്പോൾ ദൈവാലയത്തിലും യഹോവയുടെ അധിവാസം ഉണ്ടായിരുന്നതിനാൽ അവരുടെ മഹത്വം ദൈവമായിരുന്നു എന്നുള്ളത് നിസ്തർക്കമാണ്. യിസ്രായേൽ തങ്ങളുടെ മഹത്വമായവനെ പുല്ലു തിന്നുന്ന കാളയ്ക്ക സദൃശമാക്കി എന്നു സങ്കീർത്തനക്കാരൻ പറയുന്നു. സങ്കീ. 104:20) അവർ കാളക്കുട്ടിയെ വാർത്തുണ്ടാക്കി ആരാധിച്ച സംഭവമാണ് അവിടെ പ്രത്യക്ഷമാകുന്നത്. ഏലിയെന്ന പുരോഹിതന്റെ കാലത്തു പെട്ടകം ഫെലിസ്ത്യർ പിടിച്ചു കൊണ്ടു പോകുവാൻ ഇടയായി. അദ്ദേഹത്തിന്റെ പുത്രന്മാർ ഇരുവരും അകാലത്തിൽ നിഗ്രഹിക്കപ്പെട്ടു. മർമ്മഭേദകമായ പ്രസ്തുതസംഭവം കേട്ടപ്പോൾ സ്ഥൂല ശരീരനായ ഏലി പീഠത്തിൽ നിന്നു പുറകോട്ടു വീണു പിടലി ഒടിഞ്ഞു മരിച്ചു. ഫിനെഹാസന്റെ പൂർണ്ണഗർഭിണിയായ ഭാര്യ മേൽപ്പറഞ്ഞ അത്യാഹിതങ്ങൾ കേട്ടപ്പോൾ ദുഃഖനിമഗ്നയായി പ്രസവത്തോടെ മരിച്ചു. മരിക്കുമ്പോൾ മകനു ഇഖാബോദ് എന്നു പേരിടണമെന്നാണു പറഞ്ഞത്. അതിനു 'മഹത്വം' യിസ്രായേലിൽ നിന്നു വീണു പോയി എന്നാണർത്ഥം. നിയമത്തിന്റെ കല്പലകകൾ രണ്ടും സൂക്ഷിച്ചു വച്ചിരുന്നതും, ഉപരിഭാഗത്തു കൃപാസനവും കെരൂബുകൾ ഉണ്ടായിരുന്നതുമായ പെട്ടകം യിസ്രായേല്യരുടെ ആരാധനാപാത്രമായ ദൈവത്തിന്റെ അധിവാസസ്ഥാനമായി അവർ കരുതിയിരുന്നതുകൊണ്ടാണ് ആ തരുണീരത്നം ഈ ദൃശം അന്ത്യവാക്കുകൾ ഉച്ചരിച്ചത്.

വിശ്വാസികളുടെ അയോഗ്യമായ പെരുമാറ്റങ്ങളും അനിഷ്ടപ്രവർത്തികളും ദൈവസാന്നിദ്ധ്യത്തെ ഇല്ലാതെയാക്കുന്നു എന്നു തിരുവചനത്തിൽ തെളിവുകൾ ഉണ്ട്. യഹെസ്കേൽ പ്രവചനം നോക്കാം. 8-ാം അദ്ധ്യായത്തിൽ യെഹസ്കേലിനെ ദൈവാത്മാവു ഉയർത്തി ആകാശത്തിന്റെയും ഭൂമിയുടെയും മദ്ധ്യേ നിർത്തി ദിവ്യദർശനം കാണിച്ചു എന്നു പറയുന്നു. യാഗപീഠത്തിന്റെ വടക്കെ വാതിൽക്കൽ തീക്ഷണതാബിംബത്തെ കണ്ടു ഞാൻ എന്റെ വിശുദ്ധമന്ദിരം വിട്ടുപോകേണ്ടതിനു യിസ്രായേൽഗൃഹം ഇവിടെ ചെയ്യുന്ന മഹാമ്ലേച്ഛതകൾ നീ കാണുന്നുവോ എന്നു ദൈവം ചോദിക്കുന്നു (വാക്യം 6). യാഗപീഠത്തിന്റെ അടുത്താണെങ്കിലും തീക്ഷ്ണതാബിംബത്തെയാണ് അവർ വന്ദിക്കുന്നത്. യാതൊരു പ്രതിമയെയും വന്ദിക്ക

*ശേഷം : 6-ാം പേജിൽ*





ഇസ്രായേലിലെ അബ്സോർപ്ഷൻ മിനിസ്ട്രിയുടെ ഡയറക്ടറായ ഹൂർ ജാഫേത്ത് ബോൺ വോയേജിന്റെ ഉത്തമ സുഹൃത്തും ചീഫ് അഡ്വൈസറുമാണ്.

# വേരുകൾ തേടി ഹൂർ ജാഫേത്ത്

ജോർജ് കോശി മൈലപ്ര

“**അ**വൻ (യേശുക്രിസ്തു) സ്വന്തത്തിലേക്കു വന്നു. സ്വന്തമായവരോ അവനെ കൈക്കൊണ്ടില്ല” (യോഹന്നാൻ 1:11).

എന്നാൽ ഹൂറിന്റെ കഥ വ്യത്യസ്തമാണ്. 38 സംവത്സരങ്ങൾക്ക് ശേഷം സ്വന്തക്കാരെ തേടി യരുശലേമിൽ നിന്നും ഹൂർ ജാഫേത്ത് കൊച്ചിയിലെത്തിയപ്പോൾ ഇരു കരങ്ങളും നീട്ടിയുള്ള സ്വീകരണമാണ് ലഭിച്ചത്.

‘ദൈവപുത്രന്റെ നാട്ടിൽ’ നിന്നും ‘ദൈവത്തിന്റെ സ്വന്തം നാട്ടി’ലേക്ക് ഹൂർ വന്നത് വേരുകൾ തേടി ആയിരുന്നില്ല. കനികൾ നിറഞ്ഞ ചില്ലകൾ പടർത്തി, 17 വർഷം വേരൂന്നി വളർന്ന മണ്ണിന്റെ മണം കുടുംബാംഗങ്ങൾക്ക് പരിചയപ്പെടുത്തുവാനായിരുന്നു ഇപ്പോഴത്തെ യാത്ര.

നാലു പതിറ്റാണ്ടുകൾക്കു മുമ്പ് കൊച്ചിയിലെ യഹൂദ സമൂഹത്തോട് യാത്രാമൊഴി ചൊല്ലി വാഗ്ദത്ത നാട്ടിലേക്ക് മടങ്ങിപോകുമ്പോൾ ആ കൗമാരക്കാരന്റെ മനസ്സിൽ യരുശലേം എന്ന സ്വപ്നം പൂത്തുലഞ്ഞു നിന്നിരുന്നു.

എ.ഡി. 70-ൽ യഹൂദ ദേവാലയം തീക്കിരയാകുകയും യഹൂദർ കടുത്ത പീഢക്കിരയാകുകയും ചെയ്തപ്പോൾ നിരവധി ലോകരാഷ്ട്രങ്ങളിലേക്ക് അവർ ചിതറിയോടി. കേരളത്തിലെത്തിയ ഒരു വലിയ സമൂഹം കൊച്ചിയിലും പരിസരങ്ങളിലും അഞ്ച് സിനഗോഗുകളാണ് പണി കഴിപ്പിച്ച് പാർപ്പുറപ്പിച്ചത്. അവരുടെ പിൻമുറക്കാരായ ജാഫേത്തിന്റെയും സേറായുടെയും മകനാണ് ഹൂർ ജാഫേത്ത് എന്ന അൻപത്തിയഞ്ചുകാരൻ. മലയാളനാട് വിട്ടൊരു യാത്ര ബാല്യത്തിൽ ഹൂറിന്റെ അജണ്ടയിലുണ്ടായിരുന്നില്ല. എന്നാൽ 1972-ൽ മ്യൂണിക്ക് ഒളിമ്പിക്സിൽ 20 യഹൂദ അത്ലറ്റുകൾ തീവ്രവാദികളുടെ തോക്കിനിരയായിപ്പോഴാണ് ആദ്യമായി ഹൂറിന്റെ ഹൃദയം വാഗ്ദത്തനാടിനുവേണ്ടി മിടിച്ചു തുടങ്ങുന്നത്. ആ കൊലപാതകങ്ങളോടുള്ള യിസ്രയേൽ ഭരണകൂടത്തിന്റെ പ്രതികരണം ലോകശ്രദ്ധ പിടിച്ചുപറ്റിയിരുന്നു. ‘ഇതെന്റെ വാഗ്ദത്തനാടാണ്. ഞാനിവിടെയാണ് പോകേണ്ടത്, ഹൂർ തീരുമാനിച്ചു.

പിന്നെ ഏറെ വൈകിയില്ല. മാതാപിതാക്കൾ കേരളത്തിൽ തുടർന്നപ്പോൾ തന്നെ, ആ പതിനേഴുകാരൻ യരുശലേമിലേക്ക് പോയി. സഹോദരൻ ശ്ളോമോയേയും സഹോദരി ബത്ശേവയേയും കൂടെ കൂട്ടിയിരുന്നു. പിന്നീട് 1978-ൽ അപ്പനും അമ്മയും മക്കളും അനുഗമിച്ചു. യിസ്രായേലിൽ വച്ചാണ് പിതാവ് ജാഫേത്ത് മരണമടയുന്നത്.

ഇതിനിടെ ഹൂർ പഠനവും പട്ടാളസേവനവും പൂർത്തിയാക്കി. ഒടുവിൽ ഇമിഗ്രന്റ് അബ്സോർപ്ഷൻ മന്ത്രാലയത്തിൽ ഡയറക്ടറായി ജോലി സമ്പാദിച്ചു. കേരളത്തിലേക്ക് ഒരു മടക്കയാത്ര എന്ന ചിന്ത മനസ്സിൽ ഉടലെടുത്തിട്ട് ഏറെക്കാലമായെങ്കിലും, കേരളത്തിൽ നിന്നും വിശുദ്ധനാട് സന്ദർശിക്കാൻ വന്ന ബോൺ വേയേജ് യാത്രാസംഘത്തെ കണ്ടുമുട്ടിയപ്പോഴാണ് ആ സ്വപ്നം സഫലമായത്.

വാഗ്ദത്തനാട്ടിലെ വാസം നാല് പതിറ്റാണ്ടുകൾ പിന്നിട്ടെങ്കിലും കേരളീയപൈതൃകവും പാരമ്പര്യവും കൈവിടാതിരിക്കുവാൻ ഏറെ പണിപ്പെടുന്നുണ്ടെന്ന് ഹൂർ പറയുന്നു.

വീട്ടിൽ പൊതുവെ സംസാരിക്കുന്നത് എബ്രായ ഭാഷയാണെങ്കിലും, മക്കൾ കേൾക്കാതെ ഭാര്യയോട് എന്തെങ്കിലും രഹസ്യം പറയണമെന്ന് തോന്നിയാൽ ഉടനെ മലയാളത്തിലേക്ക് തിരിയും. പക്ഷെ, അമ്മയും സഹോദരങ്ങളും, മക്കളും ഉൾപ്പെടെ തലമുറയിലെ 20 പേർ ഒരുമിച്ച് രണ്ടാഴ്ച ദീർഘിച്ച കേരളസന്ദർശനം പൂർത്തിയായപ്പോൾ ഹൂറിന് ഒരു വിഷമം. ഇനി രഹസ്യസംഭാഷണം നടക്കില്ല. മക്കളും തട്ടിമുട്ടി മലയാളം പറയാൻ പഠിച്ചു. യാത്ര തുടങ്ങുന്നതിന് ഒരു മാസം മുമ്പെ മക്കൾ ഭാഷാപഠനം തുടങ്ങിയിരുന്നു.

ഹൂറിന്റെ അമ്മ സേറ അബീഗയിൽ ഇപ്പോഴും യരുശലേമിലെ വീട്ടിൽ സാമ്പാറും അവിയലും തീയലും മറ്റു കൂട്ടാനുകളൊക്കെ പതിവായി ഉണ്ടാക്കാറുണ്ടത്രെ. വാരാന്ത്യത്തിൽ അമ്മയുടെ അടുത്ത് ഒത്തുകൂടി മലയാളപാചകം ആസ്വദിക്കാൻ കഴിയുന്നതിനാൽ കേരളത്തിൽ നിന്നും അകലെയാണെന്ന് തോന്നാറേയില്ല.

സെന്റ് ജോൺ ദി ബ്രിട്ടോ ആംഗ്ലോ ഇന്ത്യൻ ബോയ്സ് ഹൈസ്കൂളുകളിൽ കൂടെ പഠിച്ച 60 കൂട്ടുകാരിൽ 40 പേരും കൂടെ ഒത്തുചേർന്ന് ഒരു പുനസമാഗമനം ഫോർട്ട് കൊച്ചിയിൽ ആഘോഷിക്കാനായത് ഒരു വലിയ നേട്ടമായി ഹൂർ കരുതുന്നു. ഇന്റർനെറ്റിൽ കൂടെയാണ് അവരിൽ പലരെയും ബന്ധപ്പെടാനായത്. ഈ ഒത്തുചേരലിനുവേണ്ടി അവരിൽ ചിലർ ദുബായ്, സിംഗപ്പൂർ എന്നിങ്ങനെ വിവിധ വിദേശരാജ്യങ്ങളിൽ നിന്നും അവധിയെടുത്ത് വരികയായിരുന്നു.

മലയാള മനോരമ ദിനപ്പത്രവും മറ്റും ഇപ്പോഴും പതിവു വായനയുടെ പട്ടികയിലുണ്ട്. അമ്മ അതിന്റെ വാർഷിക വരിക്കാരിയുമാണ്.

ഫോർട്ട് കൊച്ചിയിലെ പഴയ വീട് ഇപ്പോൾ ഒരു ട്രാവൽ ഏജൻസിയുടെ ഓഫീസാണ്. അവിടെ ഒരു റസ്റ്റോറന്റും പ്രവർത്തിക്കുന്നു. ഒരായിരം ഓർമ്മകളാണ് അവരെ അവിടെ കാത്തിരുന്നത്.

**നിരവധി പൂർവ്വതലമുറകൾക്ക് അഭയമരുളിയ മണ്ണിൽ, പിൻതലമുറകളുമായി എത്തിയപ്പോൾ വികാരവിവശതയോടെയാണ് ഇപ്പോൾ അവിടെ അവശേഷിക്കുന്ന ജൂതർ ഹൂറിനെയും സംഘത്തെയും സ്വീകരിച്ചത്. ഇത് ഞങ്ങളുടെ സേറാമ്മച്ചിയല്ലേ എന്ന് ചോദിച്ചുകൊണ്ട് പലരും ഓടിയടുത്തപ്പോൾ അവരുടെ കണ്ണുകൾ ഈറനണിഞ്ഞു.**

കേരളത്തിലായിരുന്നപ്പോഴും ശാബത് ആഘോഷിക്കുവാൻ ഹൂറും കുടുംബവും മറന്നില്ല. ശനിയാഴ്ചയാണ് യഹൂദന്മാരുടെ വിശുദ്ധദിനം. അന്ന് പാചകം ഉൾപ്പെടെ കയ്മെയ്യനങ്ങി ഒന്നും ചെയ്യാനനുവാദമില്ലാത്തതിനാൽ തലേന്ന് തന്നെ തയ്യാറാക്കിയ ആഹാരം ഹോട്ടൽമുറിയിലെ ഹോട്ട് പ്ലേറ്റിൽ ചൂടാറാതെ സൂക്ഷിച്ചിരുന്നു. പിതാവിന്റെയും ഭാര്യ റാഹേലിന്റെ പിതാവിന്റേയും ചരമവാർഷികങ്ങൾ ഇതിനിടയിൽ വന്നുപെട്ടു. അന്ന് പറവൂരിലും ചേന്ദമംഗലത്തുമുള്ള അവരുടെ ശവകുടീരങ്ങൾ സന്ദർശിക്കുവാനും കഴിഞ്ഞു. കേരളത്തിൽ നിന്നും യിസ്രായേലിലേയ്ക്ക് പറിച്ചു നടപ്പെട്ടവർ, നെവാത്തിം, യരുശലേം, കഫാർ യുവാൽ, റിഷോൻ ലസിയോൻ എന്നിവിടങ്ങളിലാണ് സംഘം ചേർന്ന് പാർക്കുന്നത്. ഇടയ്ക്കിടെ എല്ലാവരുടെയും കൂടെ ഒത്തു ചേരലുകളും നടക്കാറുണ്ട്. ‘ഞങ്ങളുടെ മനസ്സും മോഹങ്ങളുമെല്ലാം ഇപ്പോഴും ഇവിടെയുള്ള വേരുകളിൽ പിണഞ്ഞു കിടക്കുകയാണ്. അതുകൊണ്ട് പോയാലും തിരികെ വരാതിരിക്കാനാവില്ലല്ലോ.’ ഹൂർ പറയുന്നു. ●

## നവരത്നങ്ങൾ നഷ്ടപ്പെടുന്നു

3-ാ പേജിൽ നിന്നും തുടർച്ച

വീണ്ടെടുപ്പുകാരനായ യേശുക്രിസ്തുവും ഈ സന്തോഷത്തിലേക്കാണു നമ്മെ വിളിച്ചിരിക്കുന്നത്. എന്നാൽ നമ്മുടെ ഹൃദയം നിറയെ ഈ ലോകചിന്താഭാരങ്ങളും, നാളെയെക്കുറിച്ചുള്ള ആകുലവുമല്ലേ ഭരിക്കുന്നത്? കൂട്ടുവിശ്വാസിയുടെ നേരേ സന്തോഷത്തോടെ നമുക്കു ഇടപെടുവാൻ കഴിയുന്നുണ്ടോ? സന്തുഷ്ടഹൃദയം നല്ലോരു ഔഷധമെന്നും സമാധാനം ആലോചിക്കുന്നവർക്കു സന്തോഷം ഉണ്ടാകുമെന്നും ശലോമോൻ പറയുന്നു (സദൃ. 17:22).

**3. സമാധാനം:-** നിങ്ങളുടെ ഹൃദയം കലങ്ങരുതെന്നും ഭ്രമിക്കരുതെന്നും അന്ത്യനാഴികയിൽ കർത്താവു ശിഷ്യന്മാരെ ഉപദേശിച്ചു. കാരണം ദൈവത്തിന്റെ സമാധാനം അവർക്കു ലഭിക്കുമെന്നു കർത്താവു വാഗ്ദാനം ചെയ്തു (യോഹ. 14:27). ഈ ലോകം തരുന്ന സമാധാനമല്ല അവൻ നമുക്കു നൽകിയിരിക്കുന്നത്. എന്നാൽ നാം ആ ദിവ്യസമാധാനം കർത്താവിൽ നിന്നു പ്രാപിക്കുമ്പോഴാണ് നമുക്കു അന്യോന്യം സമാധാനമായിരിക്കുവാൻ കഴിയുന്നത്. പരിഹരിക്കാൻ പറ്റാത്ത ഒരു പ്രശ്നവുമില്ലല്ലോ. നമുക്കു തന്നെയും മറ്റുള്ളവർക്കും നാം ഒരു സമാധാനദ്വേഷിയായിരിക്കുവാൻ ഇടയാകരുത്. “സമാധാനദ്വേഷിയോടുകൂടെ പാർക്കുന്നതു എനിക്കു മതിയായി. ഞാൻ സമാധാനപ്രിയനാകുന്നു (സങ്കീ 120:6-7).

*(തുടരും)*

“കർത്താവ് താൻ പറഞ്ഞുതുടങ്ങിയതും ദൈവം അടയാളങ്ങളാലും അത്ഭുതങ്ങളാലും വിവിധ വീര്യ പ്രവർത്തികളാലും തന്റെ ഇഷ്ടപ്രകാരം പരിശുദ്ധാത്മ വരങ്ങളെ നൽകികൊണ്ട് സാക്ഷി നിന്നതും കേട്ടവർ നമുക്ക് ഉറപ്പിച്ച് തന്നതുമായ ഇത്രവലിയ രക്ഷ നാം ഗണ്യമാക്കാതെ പോയാൽ എങ്ങനെ തെറ്റി ഒഴിയും?” എബ്രാ. 2:3,4

## സുവിശേഷ വയലിൽ മൂന്ന് ദശകം



**ക**ഴിഞ്ഞ 30 വർഷങ്ങൾ റായ്പ്പൂർ -ഛത്തീസ്ഗഡ് എന്ന സ്ഥലത്ത് കുടുംബമായി താമസിച്ച് പ്രവർത്തിച്ചതിനു ശേഷം ചെങ്ങന്നൂർ -മഴുക്കീർ-കല്ലിശ്ശേരി എന്ന സ്ഥലത്തു താമസിച്ച് കർത്തൃവേല ചെയ്തു വരുന്നു. എന്റെ ജന്മസ്ഥലമായ മഴുക്കീർ ബ്രദറൺ സഭയിലെ സഭാംഗമാണ് ഞാൻ. ഈ വർഷം 2 പ്രാവശ്യം റായ്പൂരിൽപോയി പ്രവർത്തിക്കാൻ കർത്താവ് സഹായിച്ചു. ഫെബ്രുവരിയിൽ ഞാൻ കുടുംബമായി ഒരാഴ്ച താമസിച്ച് പ്രവർത്തിച്ചതിന്റെ ഫലമായി 4 പേർ കർത്താവിൽ വിശ്വസിച്ചു. നേരത്തെ വിശ്വസിച്ചവരിൽ 4 പേർ കർത്താവിനെ ജലത്തിൽ സാക്ഷിക്കുന്നതിനും ഇടയായി. 8/9-ൽ ഞാനും ഭാര്യയും കൂടി പോയി 4 ദിവസത്തെ പ്രവർത്തനത്താൽ 2 പേർ രക്ഷിക്കപ്പെടാനിടയായി. 15/9-ൽ ഞങ്ങൾ തിരികെ കേരളത്തിൽ വന്നു. അവിടെയുള്ള ചെറിയ സഭയേയും പ്രവർത്തനങ്ങളേയും ദൈവജനം പ്രാർത്ഥനയിൽ ഓർക്കണമെ. 50 വർഷങ്ങളായി റായ്പൂരിൽ നമ്മുടെ പ്രവർത്തനവും കൂടിവരവും ഉണ്ട്. സ്റ്റീവാർഡ് അസോസിയേഷന്റെ പേരിൽ 1979-ൽ 50 x 50 അടിനീളം വീതിയിൽ വസ്തു രജിസ്റ്റർ ചെയ്തു. 2002-ൽ ഹാൾ പണിപൂർത്തീകരിച്ചു വരുന്നു. 10 കുടുംബങ്ങളുണ്ട്. ഈ മാസം മുതൽ സഹോദരൻ തോമസ് ഏബ്രഹാം കുടുംബമായി താമസിച്ച് കർതൃശുശ്രൂഷ ചെയ്യുന്നു. തന്നെയും കുടുംബത്തെയും പ്രവർത്തനത്തേയും അവിടെയുള്ള സഭാകൂടിവരവിനെയും ദൈവജനം പ്രാർത്ഥനയിൽ തുടരണമെ. റ്റി. എ. ഏബ്രഹാം, തുണ്ടിയിൽ പെനിയേൽ- മഴുക്കീർ, കല്ലിശ്ശേരി പി.ഒ., ചെങ്ങന്നൂർ, ആലപ്പുഴ - 689124.

# ബ്രദറൺ എന്ന വാല്

**കേ**ന്ദ്രീകൃത ഭരണം ഇല്ലാതിരിക്കുന്നു എന്നുള്ളതാണ്. ബ്രദറൺ സഭയുടെ എടുത്തുപറയത്തക്ക പ്രത്യേകത. സ്ഥലം സഭകൾ സ്വതന്ത്രവും പരമാധികാരവും ഉള്ളതാണ്. കഴിഞ്ഞ 20 നൂറ്റാണ്ടുകളായി ഒരു ചെറിയ കൂട്ടം പുതിയ നിയമത്തിലെ ഈ സത്യങ്ങൾ മനസ്സിലാക്കിയവരാണ്. 19-ാം നൂറ്റാണ്ടിൽ സൂക്ഷ്മമായ നവീകരണത്തിന്റെ ഫലമായി തങ്ങളുടെ ജീവിത്തിന്റെ എല്ലാ തലങ്ങളിലും ദൈവവചനത്തിന് പ്രാധാന്യം കൊടുത്ത പിതാക്കന്മാർ പട്ടത്വനേതൃത്വത്തിന്റെയും കേന്ദ്രീകൃത ഭരണത്തിന്റെ പിടിയിൽ നിന്നും പുറത്തു ചാടി പള്ളിയും പട്ടത്വവും അൾത്താരയും മദ്ബഹയും ഇല്ലാതെ ലളിതമായി ആരാധിക്കുവാൻ തുടങ്ങി 200 വർഷം പിന്നിടുന്ന ഈ ആരാധനാ സമ്പ്രദായത്തിന് എത്ര ശ്രമിച്ചാലും ഒരു സംഘടനയുടെ പിടിയിൽ കൊണ്ടുവരുവാൻ സാധിക്കുകയില്ല.

ഇന്ന് 'ചില വ്യക്തികൾ' ചേർന്നാരംഭിക്കുന്ന പ്രസ്ഥാനങ്ങൾ ബൈബിൾ സ്കൂളുകൾ സംഘടനകൾ തുടങ്ങിയവ അറ്റത്ത് 'ബ്രദറൺ' എന്ന 'വാല്' പിടിപ്പിച്ച് പൊതുവാക്കാനുള്ള ശ്രമങ്ങൾ സ്ഥലം സഭയുടെ ഐക്യതയെ തകർക്കുകയാണ്. സ്ഥലം സഭയുമായി ആലോചിക്കാതെ സ്വാർത്ഥ താല്പര്യത്തോടെ പ്രസ്ഥാനങ്ങൾ ആരംഭിക്കുന്നു. സ്ഥലം സഭയ്ക്ക് ഒരു ബന്ധവുമില്ലാത്ത പ്രസ്തുത പ്രസ്ഥാനങ്ങൾ ചോദ്യം ചെയ്യപ്പെടുമ്പോൾ ഇത് ഞങ്ങളുടെ സ്വകാര്യ പ്രസ്ഥാനമാണ് സഭ കൈകടത്തേണ്ട ആവശ്യമില്ലാ എന്ന് പറയും. പിന്നീട് അറിയിപ്പുകൾ വരുമ്പോൾ ചുറ്റുപാടുമുള്ള സഹോദരന്മാരുടെ താല്പര്യപ്രകാരം എന്ന് നോട്ടീസ് അടിക്കും. സ്വകാര്യ പ്രസ്ഥാനത്തിന്റെ കൂടെ 'ബ്രദറൺ' എന്ന് കൂട്ടിച്ചേർത്തു. ഈ ബ്രദറൺ എന്ന വാല് സാമ്പത്തിക സഹകരണത്തിനുവേണ്ടിയാണ് – സ്ഥലം സഭയുടെ പണം ആവശ്യമാണ്. എന്നാൽ സ്ഥലം സഭയുമായി ഇതിന് ഒരു ബന്ധവുമില്ല. ചില വ്യക്തികൾ കൂടി സ്വാർത്ഥ താല്പര്യത്തിനും ചിലപ്പോൾ തങ്ങളുടെ മക്കൾക്ക് ഒരു തട്ടകം ഉണ്ടാക്കുവാനും ഒരു കസേര ലഭിക്കുവാനും പേരൊന്ന് അച്ചടിച്ചുകാണുവാനുമൊക്കെ ഉപകരിക്കുന്ന പ്രവൃത്തിയാണ്.

ഇത്തരം പ്രസ്ഥാനങ്ങൾ ബ്രദറൺകാരുടെതാണെന്ന് തെറ്റിധരിക്കരുത്. സ്ഥലം സഭയുമായി ബന്ധമില്ലാത്ത ഇത്തരം പ്രസ്ഥാനങ്ങൾ ഗുണത്തേക്കാൾ സ്ഥലം സഭകളിൽ ദോഷം ചെയ്യുന്നതാണ്. ചില ബൈബിൾ സ്കൂളുകൾ വടക്കേ ഇന്ത്യയിൽ നിന്നും കുട്ടികളെ ഇറക്കുമതി ചെയ്ത് പഠിപ്പിക്കുകയാണ്. ഈ സ്കൂളുകൾ ആ സ്ഥലത്തായിരുന്നുവെങ്കിൽ ഏറെ പ്രയോജനം ചെയ്യുമായിരുന്നു. കേരളത്തിലെ ബൈബിൾ സ്കൂളുകളിൽ മലയാളികുട്ടികൾ തുലോം കുറവാണ്. മലയാളികളായ കുട്ടികൾ മിക്കവാറും എഞ്ചിനീയറിംഗ്, മെഡിസിൻ തുടങ്ങിയ പ്രൊഫഷണൽ കോളേജുകളിലാണ്. വടക്കേ ഇന്ത്യയിലെ പാവപ്പെട്ടവരുടെ മക്കൾ ഈ ബൈബിൾ പഠന സർട്ടിഫിക്കറ്റുമായി ചെന്ന് മറ്റു ജോലി സമ്പാദിക്കുന്നവരാണ്.

ആർക്കും ഇവിടെ പ്രസ്ഥാനങ്ങൾ നടത്തുവാനുള്ള സ്വാതന്ത്ര്യം ഉണ്ട്. എന്നാൽ ബ്രദറൺ എന്ന് പേരുപറഞ്ഞ് സ്ഥലം സഭകളെ വലയ്ക്കരുത്. ഏതു പ്രസ്ഥാനമായാലും അവ സ്ഥലം സഭയ്ക്ക് അതീതമല്ല. സ്ഥലം സഭയുടെ ആലോചനയും അംഗീകാരവും അതിന് അത്യന്താപേക്ഷിതാണ് എന്നത് മന:പൂർവ്വം വിസ്മരിക്കരുത്.

*4-ാ പേജിൽ നിന്നും തുടർച്ച*

## യിസ്രായേലിന്റെ മഹത്വം

രുത് എന്നുള്ള ദൈവകല്പനയെ നിരസിച്ചു. ദൈവാലയത്തിൽ വച്ചു വിഗ്രഹാരാധന നടത്തുന്ന ജനങ്ങളെ ദൈവം സഹിക്കുന്നതെങ്ങിനെ? അവന്റെ ആലയം കള്ളന്മാരുടെ ഗുഹയായാൽ പിന്നെ അവൻ അവിടെ വസിക്കുമോ? ഇന്നു ദൈവജനങ്ങളിൽ അധികം പേരും വിഗ്രഹാരാധികൾ അല്ലേ? പണത്തെയും മക്കളേയും ദൈവത്തെക്കാൾ അധികമായി സ്നേഹിക്കുന്നത് വിഗ്രഹസേവ തന്നെ. റാഹേലിനെപ്പോലെ പിതാവിന്റെ ഗൃഹബിംബത്തെ ഒളിച്ചുവച്ചു നടക്കുന്നവർ അനേകരാണ്. ആത്മീക തീക്ഷ്ണത കാണിക്കുമ്പോൾ തന്നെ തീക്ഷ്ണതാബിംബത്തെയും നമസ്കരിക്കുന്നു. ഭക്തിയുടെ വേഷം ഉണ്ടെങ്കിലും ശക്തിയില്ല. വിശ്വാസഭവനത്തിലും ജഡശക്തി പ്രത്യക്ഷമാകുന്നു. ദൈവാലയത്തിൽ നിന്നു കൊണ്ടു ജാതികളുടെ മര്യാദ അനുകരിക്കുന്നതിൽപരം കഷ്ടമെന്താണുള്ളത്!

സാമാന്യജനങ്ങൾ മാത്രമല്ല, യിസ്രായേലിലെ ഏഴുപതു മൂപ്പന്മാരും അവരുടെ നടുനായകമായി ശാഫാന്റെ മകനായ യയസന്യാവും വെറുപ്പായുള്ള ഇഴജാതികളെയും മൃഗങ്ങളെയും യിസ്രായേൽ ഗൃഹത്തിന്റെ സകല വിഗ്രഹങ്ങളെയും ആലയത്തിന്റെ അകത്ത് ചുവരിൽ വരച്ചുണ്ടാക്കി അവയുടെ മുമ്പിൽ ഇരുട്ടത്തു ധൂപം കാട്ടി ആരാധന നടത്തുന്നതായ ഒരു കാഴ്ചയും പ്രവാചകനെ ദൈവം കാണിക്കുന്നു. (വാക്യം 11, 12) കഷ്ടം! നേതാക്കന്മാർ പിഴച്ചാൽ മറ്റുള്ളവരുടെ കാര്യം പറയണമോ? 'ആശാനക്ഷരമൊന്നു പിഴച്ചാൽ അൻപത്തൊന്നു പിഴക്കും ശിഷ്യന്' എന്നാണ് പഴമക്കാർ പറയുന്നത്. അദ്ധ്യക്ഷൻ നിരപവാദ്യനും അനിന്ദ്യനും ദ്രവ്യാഗ്രഹമില്ലാത്തവനും പൊതുവെ മാതൃകാപുരുഷനും ആയിരിക്കണം. വിശുദ്ധപൗലോസ് പറയുന്നത് "വിശ്വസിക്കുന്ന നിങ്ങളുടെ ഇടയിൽ ഞങ്ങൾ എത്ര പവിത്രമായും നീതിയായും അനിന്ദ്യമായും നടന്നു എന്നതിനു നിങ്ങളും ദൈവവും സാക്ഷി" എന്നാണ്. മാത്രമല്ല അദ്ദേഹം വീണ്ടും പറയുന്നു "ഞങ്ങൾ അദ്ധ്വാനത്തോടും പ്രയാസത്തോടും കൂടെ രാപ്പകൽ വേല ചെയ്തു പോന്നതും അധികാരമില്ലാഞ്ഞിട്ടല്ല, അനുകരിപ്പാൻ നിങ്ങൾക്കും ഞങ്ങളെ മാതൃകയാക്കിതരേണ്ടതിനത്രെ ( 2 തെസ്സ. 3:9). മൂപ്പന്മാരും ശുശ്രൂഷകന്മാരും ഏറ്റവും ചെറിയ കാര്യങ്ങളിൽ കൂടെയും മറ്റുള്ളവർക്കു മാതൃകയായി ജീവിക്കേണ്ടതാണ്.

ആലയത്തിലെ അകത്തെ പ്രാകാരത്തിൽ മണ്ഡപത്തിനും യാഗപീഠത്തിനും മദ്ധ്യെ ഏകദേശം ഇരുപത്തഞ്ചു പുരുഷന്മാർ കിഴക്കോട്ടു നോക്കി സൂര്യനെ നമസ്കരിക്കുന്നതായ ഒരു ദർശനവും പ്രവാചകനെ കാണിക്കുന്നു (വാക്യം 16). അവർ അകത്തു നിൽക്കുന്നു എങ്കിലും പൃഷ്ഠഭാഗമാണ് ആലയത്തിനു നേരേയുള്ളത്. മുഖമോ സൂര്യദേവന്റെ നേരേ തിരിച്ചിരിക്കുന്നു. സഭയിൽ നിൽക്കുന്നു എന്നു വിചാരിക്കുന്നപലരും ഇങ്ങനെയാണ് ചെയ്യുന്നത്. യുവാക്കന്മാർ പലരും ആത്മിക കാര്യങ്ങളിൽ അനാസ്ഥരും ബാഹ്യകാര്യങ്ങളിൽ മാത്രം ഉത്സാഹിക്കുന്നവരും ആയിത്തീർന്നിരിക്കുന്നു. സഭയിൽ എരിഞ്ഞു ശോഭിക്കേണ്ടവരും ക്രൂശിന്റെ സാക്ഷികളായി എവിടേയും തെളിഞ്ഞു നിൽക്കേണ്ടവരും അവരാണ്. അപൂർവ്വം ചിലരൊഴികെ ഭൂരിപക്ഷം ബാല്യക്കാരും ജഡികരും ധനസമ്പാദനൈകനിരതരും ആയിത്തീർന്നിരിക്കുന്നു എന്നു പറയാതെ നിവൃത്തിയില്ല. സഭയിൽ ചേർന്നു നിൽക്കുന്നവർ – സ്നാനപ്പെടുകയും കർതൃമേശയിൽ സംബന്ധിക്കയും ചെയ്തവർ – സത്യാരാധനയ്ക്കു പുറം തിരിഞ്ഞവരും പ്രകൃതിയെ വന്ദിക്കുന്നവരും ആയി ഭവിക്കാതിരിക്കട്ടെ.

ഈ ദൃശം മൂപ്പന്മാർ, സാമാന്യജനങ്ങൾ, സ്ത്രീകൾ, യുവാക്കന്മാർ ഇവർ വിഗ്രഹാരാധികളും, അറെപ്പായുള്ളതിനു രഹസ്യമായി ധൂപ കാട്ടുന്നവരും, ദൈവപ്രിയമില്ലാതെ ഭോഗപ്രിയരും ആയിത്തീർന്നതു നിമിത്തം യഹോവയുടെ മഹത്വം അതിരുന്ന സ്ഥാനത്തു നിന്നും ഇളകി മാറുകയും ആലയത്തിന്റെ ഉമ്മരപ്പടി കടന്നു കിഴക്കുള്ള മലയിൽ ചെന്നെത്തുകയും ചെയ്തതായി കാണുന്നു. (യഹേ. 10: 4–11:23). ദൈവസാന്നിദ്ധ്യം ഒരുവനിൽ നിന്നു കുറയുന്നത് ക്രമേണയാണ്. പാപത്തിനു വിധേയനാകുന്ന വിശ്വാസിയിൽ നിന്നും പരിശുദ്ധാത്മാവ് ദുഃഖത്തോടെ പിന്തിരിയുന്നു. പാപത്തിലേക്കുള്ള പതനത്തിനു ഒരു പ്രത്യേക സന്ദർഭം ഉണ്ടാകാമെങ്കിലും അതിന്റെ ബീജാവാപം അതിനു കുറെ മുമ്പു നടന്നിരിക്കാം. അപ്പോൾ അന്യർ അതറിയുന്നില്ല. സാത്താൻ മ്ലേച്ഛതയ്ക്കുള്ള വിത്തുകൾ ഏതെങ്കിലും അവസരത്തിൽ മനുഷ്യഹൃദയത്തിൽ വിതയ്ക്കുന്നു. അനുകൂലമായ പരിസ്ഥിതിയിൽ അതു മുളയ്ക്കുകയും ചിലപ്പോൾ പെട്ടെന്നു പുഷ്പിച്ചു ഫലപൂർണ്ണമാകയും ചെയ്യുന്നു. ഫലത്തിങ്കലേ അതു അന്യർക്കു ഗ്രഹിപ്പാൻ കഴികയുള്ളു. വിചാരങ്ങൾ പ്രവർത്തിരൂപത്തിൽ വരുമ്പോഴാണ് സ്പഷ്ടമായ അധഃപതനം ഉണ്ടാകുന്നത്. "ദൈവത്തോടു അടുത്തു ചെല്ലുവിൻ എന്നാൽ അവൻ നിങ്ങളോടും അടുത്തു വരും" ദൈവത്തിൽ നിന്ന് അകലും തോറും അവൻ നിങ്ങളിൽ നിന്നും അകന്നു പോകും. ഇങ്ങനെയാണ് ഹൃദയമാകുന്ന ദേവാലയത്തിൽ നിന്നും യഹോവയുടെ മഹത്വമാകുന്ന പരിശുദ്ധാത്മാവ് വിട്ടുപോകാൻ ഇടയാകുന്നത്.

വ്യക്തികളിൽ നിന്നു ദൈവസാന്നിദ്ധ്യം പൊയ്പ്പോകുമ്പോൾ സഭയിലും ആത്മിക ചൈതന്യമില്ലാതെ ഭിന്നതയും കക്ഷിവഴക്കും ഉറക്കവും ആയി കലാശിക്കുന്നു. അന്യോന്യം ദൂഷണം പറയുന്നു. ക്രിസ്തുവിന് പ്രാധാന്യം കൊടുക്കേണ്ട ഇടത്തു തങ്ങൾ പ്രധാനികളാകുന്നു. ദിയോത്രഫോസന്മാർ ധാരാളം ഉണ്ടാകുന്നു. പ്രസംഗക്കൊതി വർദ്ധിച്ചു ജീവനില്ലാത്ത നീണ്ട പ്രസംഗങ്ങൾ ചെയ്തു സാമാന്യജനങ്ങളെ നിദ്രാവശരാക്കുന്നു. കർമ്മങ്ങളെ മോടിപിടിപ്പിക്കയും കർമ്മികളാകാൻ വാഞ്ചിക്കയും ചെയ്യുന്നു. സഭായോഗത്തോടു അനാസ്ഥ വർദ്ധിക്കയും കർതൃദിവസം കൈത്തൊഴിലിലും വ്യാപാരത്തിലും കഴിച്ചുകൂട്ടുകയും ചെയ്യുന്നു. വേഷഭ്രമവും ബാഹ്യവും ആഡംബരവും പലരിലും പ്രത്യക്ഷമാകുന്നു. ഇതുനിമിത്തം മഹത്വം ഇസ്രായേലിൽ നിന്നു പോകയും ലവോദിക്യസഭയെക്കുറിച്ചു പറയുന്നതുപോലെ ഞാൻ വാതിൽക്കൽ നിന്നു മുട്ടുന്നു എന്ന സ്ഥിതിയിൽ ക്രിസ്തു ദുഃഖസമേതം പുറത്തു തള്ളപ്പെടുകയും, അന്ധകാരപ്രഭു അഗ്രാസനസ്ഥനാകയും ചെയ്യുന്നു. പരിതാപകരമായ ഈ കാഴ്ച എങ്ങനെ കാണ്മാൻ കഴിയും! ജനത്തിന്റെ വിഗ്രഹാരാധനയുടെ മൂർദ്ധന്യതയിൽ യഹോവ "ശീലോവിലെ തിരുനിവാസവും താൻ മനുഷ്യരുടെ ഇടയിൽ അടിച്ചിരുന്ന കൂടാരവും ഉപേക്ഷിച്ചു. തന്റെ ബലത്തെ പ്രവാസത്തിലും തന്റെ മഹത്വത്തെ ശത്രുവിന്റെ കയ്യിലും ഏൽപിച്ചുകൊടുത്തു (സങ്കീ: 78:60,61). നിരാശാജനകമായ ഈ ഘട്ടത്തിലും തിരുവചനം പറയുന്നത് "യിസ്രായേലിനുവേണ്ടി ഇനിയും പ്രത്യാശയുണ്ട്" എന്നാണ് (എബ്രാ. 10:2).

വിശുദ്ധ മന്ദിരത്തിൽ നിന്നു മലിനത നീക്കിക്കൊൾവിൻ. അതിന്റെ കോണിലും മൂലയിലും സ്ഥാപിച്ചിരിക്കുന്ന മ്ലേച്ഛവിഗ്രഹങ്ങൾ എല്ലാം തൂത്തുവാരി കിദ്രോൻ തോട്ടിൽ എറിഞ്ഞു കളവിൻ. യഥാർത്ഥമായ അനുതാപം കൂടാതെ ഇതു സാധ്യമല്ല. ഏതിൽ നിന്നു വീണിരിക്കുന്നു എന്നോർത്തു മാനസാന്തരപ്പെടുക. ആദ്യസ്നേഹം പൊയ്പോയി എന്നു സമ്മതിക്ക. ഹൃദയം കൊണ്ടു പിന്മാറിയിരിക്കുന്ന അനേക വിശ്വാസികൾ ഉണ്ട് "അവർ മുഖമല്ല പുറമത്രെ എങ്കലേക്കു തിരിച്ചിരിക്കുന്നത്. ഞാൻ ഇടവിടാതെ അവരെ ഉപദേശിച്ചു പഠിപ്പിച്ചിട്ടും ഉപദേശം കൈക്കൊൾവാൻ അവർ മനസ്സുവെച്ചില്ല എന്റെ നാമം വിളിച്ചിരിക്കുന്ന ആലയത്തെ അശുദ്ധമാക്കുവാൻ തക്കവണ്ണം അവർഅതിൽ മ്ലേച്ഛവിഗ്രഹങ്ങളെ പ്രതിഷ്ഠിച്ചു എന്നു യഹോവ അരുളിച്ചെയ്യുന്നു (യിരെ. 32:33, 31). അതിനാൽ സീയോൻ പുത്രിയുടെ മഹത്വമൊക്കെയും അവളെ വിട്ടുപോയി (വിലാ. 1:6). എങ്കിലും യഥാസ്ഥാനത്തിനുള്ള കാലം ഇനിയും ശേഷിക്കുന്നു. മഹത്വത്തിന്റെ രാജാവ് പ്രവേശിക്കത്തക്കവണ്ണം വാതിലുകൾ തുറക്കപ്പെടട്ടെ. ആലയം ശുദ്ധമാകട്ടെ. വചനത്താലും ആത്മാവിനാലും ഉള്ള കഴുകൽ നടക്കട്ടെ. കോപത്തിൽ കരുണകാണിക്കുന്നവനും കൃപാസമുദ്രവും ആയ അവന്റെ സന്നിധിയിൽ മുട്ടുകുത്തുക. വ്യക്തികളായും സഭയായും പാപം ഏറ്റുപറഞ്ഞപേക്ഷിക്ക അവന്റെ ആലയം മഹത്വപൂർണ്ണമാകട്ടെ. ദൈവതേജസ്സു സർവ്വദാ പ്രകാശിക്കട്ടെ.

# ദൈവവിശ്വാസത്തിന് ആൾദൈവങ്ങൾ എതിര്

**കുര്യൻ കെ. തോമസ്**

മാമ്മൻ മത്തായി വിചാരവേദി തിരുവനന്തപുരത്ത് സംഘടിപ്പിച്ച പ്രഭാഷണ പരമ്പര ഉദ്ഘാടനം ചെയ്തുകൊണ്ട് മന്ത്രി പി. കെ. കുഞ്ഞാലിക്കുട്ടി, മറ്റ് രാഷ്ട്രീയമണ്ഡലങ്ങളിലെയും സാമൂഹ്യരംഗങ്ങളിലെ സമുന്നതരായ അനേക വ്യക്തികൾ പങ്കെടുത്ത പരിപാടിയിൽ സ്വാമി അഗ്നിവേശ് പ്രസ്താവിച്ച "ദൈവസങ്കല്പത്തിന് ആൾദൈവങ്ങൾ എതിര്' എന്ന പത്രവാർത്ത ചുവടെ ചേർക്കുന്നു. (മലയാളമനോരമ സെപ്. 16). "മനുഷ്യന്റെ സ്വാതന്ത്ര്യവും യുക്തിചിന്തയുമെല്ലാം ആൾദൈവങ്ങൾക്ക് അടിയറ വച്ചാൽ രാജ്യത്തിനു പുരോഗതിയുണ്ടാവില്ലെന്നു സ്വാമി അഗ്നിവേശ്. വിദ്യാഭ്യാസവും ബിസിനസുമെല്ലാം ആൾദൈവങ്ങൾക്കു സമർപ്പിക്കുകയാണ് പലരും ചെയ്യുന്നത്. ദൈവസങ്കല്പത്തിനു നേരെ എതിരാണ് മനുഷ്യദൈവസങ്കല്പം. സ്ഥാപിത താല്പര്യങ്ങൾ സംരക്ഷിക്കുക മാത്രമാണ് മനുഷ്യദൈവസൃഷ്ടിയുടെ ലക്ഷ്യം. മാമ്മൻ മത്തായി വിചാരവേദി സംഘടിപ്പിക്കുന്ന പ്രഭാഷണപരമ്പരയ്ക്കു തുടക്കം കുറിച്ചു നടന്ന പരിപാടിയിൽ പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.


"സർവ്വവ്യാപിയായ ദൈവത്തെ പ്രാദേശികവൽക്കരിക്കാനുള്ള ശ്രമമാണ് ഓരോ ആരാധനാലയങ്ങളുടെയും നിർമിതി. കുട്ടികൾക്കു നല്ല വിദ്യാഭ്യാസം നൽകുക. എന്നാൽ അവർക്ക് ഒരു മതം നൽകാതിരിക്കുക. മതവിശ്വാസം തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം അവർക്കു നൽകുക. മതസ്വാതന്ത്ര്യത്തിനു വേണ്ടി വാദിക്കുമ്പോൾ മതങ്ങളിൽ നിന്നുള്ള സ്വാതന്ത്ര്യവും പ്രധാനമെന്നു മനസ്സിലാക്കുക".

ആൾദൈവങ്ങൾ സ്വന്തം മുറിയിൽ സ്വർണവും മറ്റും കൂട്ടിവയ്ക്കുന്നു. അവരുടെ കാലശേഷം അതു കണ്ടെടുക്കുന്നു. ജീവിച്ചിരിക്കുമ്പോൾ പാവങ്ങൾക്കു വേണ്ടി സമ്പത്ത് ചെലവഴിക്കാതെ കുന്നുകൂട്ടിവയ്ക്കുന്നത് അർഥശൂന്യമാണ്. ദേവപ്രശ്നവും വിശ്വാസവുമെല്ലാം ജനങ്ങളെ ഭയപ്പെടുത്തുന്നതിനാവരുതെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

മുപ്പത്തിമുക്കോടി ദൈവസങ്കൽപ്പങ്ങൾ കൂടാതെ പരകോടി ബിംബാകാര രൂപികളായ ദൈവങ്ങൾക്കും പുറമെയാണ് ആരാധനാലയങ്ങൾക്ക് ആദായമുണ്ടാക്കാൻ വേണ്ടി എഴുപതോ ഏറിയാൽ എൺപതോ സംവത്സരങ്ങൾ ഈ ഭൂമിയിൽ ജീവിച്ച ശേഷം മൺമറയുന്ന ചിലരെ വിശുദ്ധന്മാരും വിശുദ്ധകളുമാക്കി വണങ്ങുന്നതും തിരുശേഷിപ്പുകൾ നാടുനീളെ എഴുന്നെള്ളിക്കുന്നതും. ഇതിനെയെല്ലാം പിന്തള്ളിക്കൊണ്ടാണ് ഈ വർത്തമാനകാലഘട്ടത്തിൽ അവതരിച്ചുകൊണ്ടിരിക്കുന്ന അൽപായുസുകാരായ ആൾദൈവങ്ങൾ.

എന്നാൽ ഏകസത്യദൈവത്തിന്റെ വചനമായിരുന്ന ദൈവപുത്രൻ മാത്രമല്ലാതെ ഈ ഭൂമിയിൽ ഒരു മഹാനും മഹാത്മാവും മരിച്ചിട്ടുയിർത്തെഴുന്നേറ്റ ചരിത്രം ഉണ്ടായിട്ടില്ല. "ഉലകമഹാന്മാരഖിലരുമൊരുപോൽ ഉറങ്ങുന്നു കല്ലറയിൽ.... നമ്മുടെ ഉന്നതനേശു മഹേശ്വരൻ മാത്രം ഉയരത്തിൽ വാണിടുന്നുന്നു. ഏകദൈവവിശ്വാസികളേ നിങ്ങൾ അന്വേഷിക്കുന്ന ഏകസത്യദൈവമാണ് കർത്താവായ യേശുക്രിസ്തു. "അവങ്കലേക്കു നോക്കിയവർ പ്രകാശിതരായി അവരുടെ മുഖം ലജ്ജിച്ചു പോയതുമില്ല". ഏകസത്യദൈവത്തിൽ വിശ്വസിക്കാനും ത്രിയേകദൈവത്തിന്റെ പദ്ധതിപ്രകാരം ഈ ഭൂമിയിൽ സർവ്വജനത്തിനും നിത്യജീവന്റെ വഴിയൊരുക്കിക്കൊണ്ട് മനുഷ്യാവതാരം ചെയ്ത കർത്താവായ യേശുക്രിസ്തു പറഞ്ഞു; "ഞാൻ തന്നെ വഴിയും സത്യവും ജീവനും ആകുന്നു ഞാൻ മുഖാന്തരമല്ലാതെ ആരും പിതാവിന്റെ അടുക്കൽ എത്തുന്നില്ല." (യോഹ: 14:6) ഈ സത്യം അറിഞ്ഞിട്ടില്ലാത്തവർക്ക് കൂടി കണ്ണ് തുറപ്പിക്കാനും സഹായകമാകുന്നതാണ് മേലുദ്ധരിച്ച പത്രവാർത്ത. സത്യം അറിയുകയും സ്വാതന്ത്ര്യം പ്രാപിക്കുകയും ചെയ്ത ദൈവജനത്തിന് ശക്തി പകരാൻ വചനമായി എല്ലാനാളും നമ്മോടു കൂടെയുണ്ട് കർത്താവും. ●

## മഹത്വത്തിൽ പ്രവേശിച്ചു



**കുളനട:** വേദപണ്ഡിതനും ഉപദേഷ്ടാവും പുന്തല സഭാമൂപ്പന്മാരിൽ ഒരാളുമായിരുന്ന സഹോ. റ്റി. ജെ. തോമസ് നിത്യതയിൽ പ്രവേശിച്ചു. ചില നാളുകളായി പ്രമേഹവും മറ്റ് രോഗങ്ങളാലും ക്ഷീണിതനായിരുന്ന താൻ സെപ്തംബർ 6 ചൊവ്വാഴ്ചയാണ് മഹത്വത്തിലേക്കു പ്രവേശിച്ചത്. ചെറിയ പ്രായത്തിലേ രക്ഷിക്കപ്പെട്ട് വേർപെട്ട ദൈവജനവുമായി കൂട്ടായ്മയിലായിരുന്നു. സർക്കാർ ജോലിയോടനുബന്ധിച്ച് ദീർഘനാൾ തമിഴ്നാട്ടിൽ പ്രവർത്തിച്ചു. തന്റെ ജോലിയോടു കൂടെ സുവിശേഷവേലയിൽ സജീവമായി പ്രവർത്തിക്കുവാൻ തനിക്കു കഴിഞ്ഞു. താൻ ജോലി ചെയ്തിരുന്ന സ്ഥലങ്ങളിൽ സഭാസ്ഥാപനലക്ഷ്യത്തോടു കൂടെ പ്രവർത്തിക്കയും സഭകൾ രൂപം കൊള്ളുവാൻ സഹായിക്കുകയും ചെയ്തു. ദൈവവചനം ആഴമായി പഠിക്കുവാൻ ബദ്ധശ്രദ്ധനായിരുന്നു. മുൻനിയമനം-ഒരു ലഘുപഠനം, സമാഗമനകൂടാരം-പുതിയനിയമ വെളിച്ചത്തിൽ, നിസ്തുല്യനായ ക്രിസ്തു തുടങ്ങിയ ഗ്രന്ഥങ്ങളും നിരവധി ഈടുറ്റ ലേഖനങ്ങളും ചില ഗാനങ്ങളും താൻ രചിച്ചിട്ടുണ്ട്. സെപ്തംബർ 10 ശനിയാഴ്ച കുളനടയിലുള്ള ഭവനാങ്കണത്തിൽ നടന്ന സംസ്കാരശുശ്രൂഷയിൽ നിരവധി കർത്തൃദാസന്മാരും ദൈവജനങ്ങളും പങ്കുകൊണ്ടു. കർതൃദാസൻ ഒ. എം. സാമുവേൽ ആശ്വാസദൂത് നൽകുകയുണ്ടായി. സുവി. തോംസൺ ബി. തോമസ് കർതൃദാസന്റെ മകനാണ്.

**കടുവാക്കുളം :** പുത്തൻപറമ്പിൽ പി. സി. ജോൺ (കുഞ്ഞൂഞ്ഞ് - 92) നിര്യാതനായി. ഭാര്യ പരേതയായ തങ്കമ്മ. മക്കൾ: ബേബി, അനിയൻ, സൂസൻ, കുഞ്ഞമ്മ, ബാബു


**മാമ്മൂട്:** കരുവനാംപൊയ്കയിൽ എണ്ണക്കാട്ട് പരേതനായ കെ.ടി. ഉമ്മച്ചന്റെ ഭാര്യ സാറാമ്മ (94) നിര്യാതയായി. മക്കൾ: കുഞ്ഞൂഞ്ഞുകുട്ടി, കുഞ്ഞമ്മ, ശോശാമ്മ, തമ്പി, എൽസി, മറിയാമ്മ,കുഞ്ഞുമോൾ, രാജു, ലീലാമ്മ, ജോയിക്കുട്ടി (ദുബായ്). മരുമക്കൾ: തമ്പിക്കുട്ടി, സൂസമ്മ, ബാബു തോമസ്, ജോയിച്ചൻ, റെജി, ഓമന, വില്യംസ്, മേഴ്സി,പരേതരായ പൊടിയമ്മ, കുഞ്ഞൂഞ്ഞ്.



**പത്തനംതിട്ട :** ചുരുളിക്കോട് റിട്ട. കെ.എസ്.ആർ.ടി.സി. ഉദ്യോഗസ്ഥൻ അക്കരക്കുന്നത്ത് ഏബ്രഹാം കുഞ്ഞച്ചൻ (70) നിര്യാതനായി. ഭാര്യ വടശേരിക്കര തയ്യിൽ മേപ്പുറത്ത് ഗ്രേസിക്കുട്ടി. മക്കൾ മരുമക്കൾ: ജോളി ജേക്കബ് & ജേക്കബ് (ദുബായ്), ജെസി സണ്ണി & സണ്ണി (ബഹ്റൈൻ), ജെയ് ഏബ്രഹാം & ഷീന (യു.എസ്.എ.), ജോജി ഏബ്രഹാം & ബ്ലെസി (ഷാർജ), ജിജി ഏബ്രഹാം & സൂസൻ (യു.എസ്.എ.)



**റാന്നി :** ആനത്തടം മേപ്രത്ത് എം. എ. ശമുവേൽ സെപ്തംബർ 14ന് താൻ പ്രിയം വച്ച കർതൃസന്നിധിയിൽ ചേർക്കപ്പെട്ടു. റാന്നി സീയോൻകുന്ന് സഭയുടെയും ഐത്തല സഭയുടെയും സജീവ ബന്ധത്തിലായിരുന്നു താൻ. റാന്നി ഐത്തല കുര്യയ്ക്കൽ കെ. പി. പുന്നൂസിന്റെ മകൾ കുഞ്ഞൂഞ്ഞമ്മയാണ് ഭാര്യ. മക്കൾ : സൂസമ്മ, ഓമന, സാലമ്മ, ഡെയ്സി, സജി, ബ്ലെസി, ബെറ്റി. മരുമക്കൾ: തോമസ്കുട്ടി, ജോസ്, ബാബുക്കുട്ടി, അജു, ജെസി, ജോജി പുന്നൂസ് (ദോഹ), ജോജി.



**പത്തനംതിട്ട :** വെട്ടിപ്രം പരിയാരം തോമ്പിൽ വടക്കേതിൽ പരേതനായ മാമ്മൻ മാത്യുവിന്റെ ഭാര്യ മേരി (88) നിര്യാതയായി. കുമ്പനാട് പുന്നയ്ക്കൽ കുടുംബാംഗമാണ്. മക്കൾ : വി. എം. മാമ്മൻ, ലില്ലിക്കുട്ടി, ഡോളി മരുമക്കൾ: മോളി, പി. വി. യോഹന്നാൻ, പരേതനായി ടി.എം. ജോൺ.

**അയർക്കുന്നം :** ചേന്നാമറ്റം പള്ളിപ്പറമ്പിൽ നിര്യാതനായ പി.ഡി. വർഗീസിന്റെ (86) സംസ്കാരം താളിക്കല്ല് ബ്രദറൺ സഭാ സെമിത്തേരിയിൽ നടന്നു . ഭാര്യ: കൂരോപ്പട അരിമ്പുമല മറിയാമ്മ മക്കൾ: പാപ്പച്ചൻ, പെണ്ണമ്മ, തങ്കച്ചൻ, കുഞ്ഞൂഞ്ഞമ്മ, ജോസ്, പരേതയായ ആലീസ് മരുമക്കൾ: ശോശാമ്മ, ദാസ്, വൽസമ്മ, കുട്ടച്ചൻ, കുഞ്ഞുമോൻ, ഗ്രേസി.

## COMMENDATION

We believers of Believers Brethren Assembly, Jhansi, Uttar Pradesh have great pleasure to commend Bro. Tulsi Mashi, village and post Garhmau, Dist. Jhansi, U.P., as a full time God's servant and give the following testimoney concerning him.

He was born and brought up in a Hindu background. He was saved on 29 November 1997 at the age of 10 and baptized in 2005. Since he came from Sahariya tribal background, he has the burden to do God's ministry among S.T. and S.C. people groups in Bundelkhandjhansi region. After his B.Th from North India Bible Institute, Alwar, Rajasthan in 2009, now it is more than two years, he is doing evangelitic ministry with Believers Brethren Assembly-Jhansi. He is maintaining a very cordial fellowship with the Assembly.

We have great pleasure to commend bro. Tulsi Masih as a full time Lord's servant. He is deserving the full co-operation and prayer support of the brethren through -out the world.

Philipose P. P., Evg.
Mohan Singh, Elder
Sunil Kumar, Elder

Present Address
Tulsi Masih, C/o. Philipose P.P.
Gospel Home, 196,C.P.Mission Compound
Jhansi - 284 003.U.P.

## പ്രാർത്ഥനയ്ക്ക്

**പാമ്പാടി :** സുവി. വർഗ്ഗീസ് കുര്യന്റെ പിതാവ് അൾസിമേഴ്സ് രോഗത്താൽ ഭാരപ്പെടുന്നു. **പാലക്കാട് :** വടക്കാഞ്ചേരി നിദ്ദ മറിയ (2) ബ്ലാസ്റ്റിക്ക് ലുക്കോമിയ ബാധിച്ച് തിരുവനന്തപുരം ആർ.സി.സി.യിൽ ചികത്സയിൽ കഴിയുന്നു.
**പാലക്കാട് :** കഞ്ചിക്കോട് സഭാഗം സഹോ. സെൽവരാജ് എലിപനിയും മഞ്ഞപിത്തവും ബാധിച്ച് ചികിത്സയിൽ കഴിയുന്നു. **രാജസ്ഥാൻ:** കോട്ട കേന്ദ്രമാക്കി കഴിഞ്ഞ 30 വർഷമായി ശുശ്രൂഷ ചെയ്തുവരുന്ന സഹോ. ഏ.കെ. ഐസക്കിന്റെ ഭാര്യ ഞരമ്പ് സംബന്ധമായ രോഗത്താൽ ഭാരപ്പെടുന്നു. ഇത് തലച്ചോറിനെയും സ്പൈനൽ കോഡിനേയും ബാധിക്കുന്നതാണ്. അനീഷ് ദൂബൈ, സൂസമ്മ ചെറിയാൻ കല്ലിശ്ശേരി, ചിന്നുകുട്ടി കുമ്പനാട്, ജെയ്സൻ സുനിൽ (5) ഹൈദ്രാബാദ് എന്നിവൽ ചികിത്സയിൽ തുടരുന്നു. പ്രാർത്ഥനയിൽ ഓർത്താലും.

Reg. No. E. 3884/05/K.Div. Licence to post Registered News paper without pre-payment.Licence No.KL/TLA/WPP/128/2011-13
Postal Reg.No.KL/TLA/208/2011-13

niyogam
BRETHREN VARTHA PATHRIKA
2011 ഒക്ടോബർ 5

# 34 – ാമത് കോളേജ് ഗേൾസ് ക്യാമ്പ്

കൊല്ലം സഭയുടെ സഹകരണത്തിലും ലേഡി ടീച്ചേഴ്സ് അസോസിയേഷന്റെ നേതൃത്വത്തിലും കോളജ് വിദ്യാർത്ഥിനികൾക്കായി ഒരു ക്യാമ്പ് 2011 ഒക്ടോബർ 5 ബുധൻ 8 എ. എം. മുതൽ 6 വ്യാഴം 3.30 പി.എം. വരെ കൊല്ലം സോദരീ ഭവനിൽ വെച്ച് നടത്തുന്നു. കർത്താവിന്റെ ഇഷ്ടം ഗ്രഹിച്ചുകൊൾവീൻ എന്നതാണ് തീം. വർഗ്ഗീസ് തോമസ് റാന്നി ബൈബിൾ സ്റ്റഡി എടുക്കുന്നതായിരിക്കും. ഗ്രൂപ്പ് ക്ലാസ്സുകൾക്ക് വചനപരിജ്ഞാനവും ആത്മഭാരവുമുള്ള സഹോദരിമാർ ലീഡേഴ്സായി ഉണ്ടായിരിക്കുന്നതാണ്. കോളേജ് വിദ്യാർത്ഥിനികളേയും അവരുടെ ഇടയിൽ പ്രവർത്തിക്കുന്നവരേയും സ്വാഗതം ചെയ്യുന്നു. എല്ലാ ദൈവമക്കളുടേയും ശ്രദ്ധയേറിയ പ്രാർത്ഥനയും സഹകരണവും അഭ്യർത്ഥിക്കുന്നു. ക്യാമ്പിനുവേണ്ടി സെക്രട്ടറി അനിതാ ജോൺസൺ റാന്നി, ജോയമ്മ സാംസൺ കൊല്ലം, ജോയ്സ് മാത്യു, കൊല്ലം, പ്രൊഫ. കുഞ്ഞൂഞ്ഞമ്മ തോമസ് കൊട്ടാരക്കര. കത്തിടപാടുകൾക്ക് സൂസമ്മ കോശി തിരുവല്ല (0469 – 2662169).

# കൺവൻഷൻ

S.P.S. Fund ബ്രദറൺ സഭകളുടെ 17–ാമതു സംയുക്ത കൺവൻഷൻ 2012 ഫെബ്രുവരി 1–5 വരെ തെള്ളിയൂർ വരിക്കാനിക്കൽ ബ്രദറൺ സഭാഹാളിനു സമീപം തയ്യാറാക്കുന്ന പന്തലിൽ. പ്രസംഗകർ M/s. ചാണ്ടപ്പിള്ള ഫിലിപ്പ്, ജോസ് മാങ്കുടി, ബിജു ആലടി, ഡോ. പി. എം. ജോർജ്ജുകുട്ടി എരുമേലി. പാപികളുടെ രക്ഷയ്ക്കും, ദൈവനാമമഹത്വത്തിനും കാരണമാകുവാൻ ദൈവജനം പ്രാർത്ഥിച്ചാലും. കൺവൻഷൻ കമ്മറ്റിക്കുവേണ്ടി കൺവീനർ സുവി. എം. കെ. കുഞ്ഞുമോൻ, ചിറപ്പുറത്ത് വീട്, ഓതറ വെസ്റ്റ് പി.ഒ., തിരുവല്ല

# സുവിശേഷകന്മാരുടെ ആത്മീയ സംഗമം

ഹൈറേഞ്ചിലെ സുവിശേഷകന്മാരുടെ കഴിഞ്ഞ സമ്മേളനം 2011 ആഗസ്റ്റ് മാസം 8–ാം തീയതി മുരിക്കാശ്ശേരിയിൽ വെച്ച് നടത്തുവാൻ കർത്താവ് കൃപ ചെയ്തു. സുവി. പി. ഡി. വറുഗീസ് ഇവിടെ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. യൂദായുടെ ലേഖനത്തെ ആസ്പദമാക്കി ധന്യമായ ആത്മിക ചിന്തകൾഅന്യോന്യം പങ്കിടുവാനും, ദൈവകൃപ ധാരാളം അനുഭവിപ്പാനും ഈ സമ്മേളനം മുഖാന്തരമായി. അടുത്ത മീറ്റിംഗ് കർത്താവിന്റെ വരവ് താമസിച്ചാൽ 2011 ഒക്ടോബർ മാസം 3–ാം തീയതി തിങ്കളാഴ്ച പെരിഞ്ചാംകുട്ടിയിൽ, സുവിശേഷകൻ രാജൻ മാത്യുവിന്റെ ഭവനത്തിൽ വെച്ച് നടത്തുവാൻ കർത്താവിൽ ശരണപ്പെടുന്നു.കൂട്ടുസഹോദരൻ: സുവി. വി.എം.പോൾ, രാജാക്കാട്, 09446224941

# വൈവാഹികം

ബ്രദറൺ മാതാപിതാക്കളുടെ മകനും M.Th. പാസ്സായി വടക്കേ ഇൻഡ്യയിൽ പൂർണ്ണസമയം സുവിശേഷവേലയിൽ ഏർപ്പെട്ടു വരുന്ന യുവസഹോദരന് (25 വയസ്സ്) രക്ഷിക്കപ്പെട്ട്, സ്നാനപ്പെട്ട് വടക്കെ ഇൻഡ്യയിൽ സുവിശേഷവേല ചെയ്യുവാൻ താല്പര്യമുള്ള യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചന ക്ഷണിക്കുന്നു. ഫോൺ : 9995423986, 9387397735.

# YMEF General Youth Camp 2011

**പുത്തൻകാവ് :** 2011 ഒക്ടോബർ 4 ചൊവ്വ മുതൽ 7 വെള്ളി വരെ 15 മുതൽ 35 വയസ്സുവരെ പ്രായമുള്ള യുവസഹോദരന്മാർക്കായി ഒരു ക്യാമ്പ് എസ്. ബി.എസ്. ക്യാമ്പ് സെന്റർ പുത്തൻകാവിൽ വെച്ച് നടത്തുന്നു. പത്ഥ്യവചനവും ഭക്തിക്കൊത്ത ഉപദേശവും അനുസരിക്കുക (1 തിമോ. 6:3) എന്നതാണ് ക്യാമ്പ് തീം. വർഗ്ഗീസ് കുര്യൻ, ജോസ് മാങ്കുടി, ജോസഫ് മഥുരം എന്നിവരാണ് പ്രധാന ലീഡേഴ്സ്. കവിതപാരായണം, രചനകൾ, ബൈബിൾ ക്വിസ് എന്നിവയ്ക്ക് മത്സരങ്ങൾ ഉണ്ടായിരിക്കുന്നതാണ്. വചനധ്യാനം, ബൈബിൾ ക്ലാസ്സുകൾ, ഗാനപരിചയം എന്നീ പരിപാടികളും ഉണ്ടായിരിക്കുന്നതാണ്. 2 വർഷത്തിൽ ഒരിക്കൽ നടത്തുന്ന ഈ യൂത്ത് ക്യാമ്പിന്റെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുകയും സഹകരിക്കുകയും ചെയ്യുക.

# വിലാസമാറ്റം

## താരാപ്പൂർ ക്രിസ്ത്യൻ അസംബ്ലി

Nelson George
Navajeevan Co-op. HSG. Society
Vidiya Nagar, Boisar (W. Rly),
Dist. Thane, MH - 401 501
Mob: 7798263142 (Nelson George)
9970109554 (M. Prabhudas)
Mathew Thomas

## കുന്നക്കുരുടി സഭ

Brethren Assembly, Kunnakkurudy
Airapuram P.O. Keezhillam (Via)
Pin - 683 541

**നിയോഗം നമ്മുടെ മദ്ധ്യേ നടക്കുന്ന വിഷയങ്ങളെ സത്യസന്ധമായി നിങ്ങളിൽ എത്തിക്കുന്നു. വായനക്കാരുടെ പ്രതികരണങ്ങൾ ധാരാളം ലഭിക്കുന്നുണ്ട്. അടുത്ത മാസം മുതൽ നിങ്ങളുടെ കത്തുകൾ പ്രതികരണവേദിയിൽ പ്രസിദ്ധീകരിക്കുന്നതാണ്. അനകൂലമായും പ്രതികൂലമായും നിങ്ങളുടെ അഭിപ്രായം രേഖാമൂലം അറിയിക്കുക.**

# വെള്ളത്തൂവൽ സുവിശേഷ പ്രവർത്തനം

ഇടുക്കി ജില്ലയിൽ വെള്ളത്തൂവൽ എന്ന സ്ഥലച്ച് ഒരു പുതിയ പ്രവർത്തനം ആരംഭിക്കുവാൻ കർത്താവ് കൃപ ചെയ്തു. 2011 ജൂലൈ 13 – 15 വരെ അനുഗ്രഹിതമായ ഒരു സുവിശേഷ ക്യാമ്പ് നടക്കുവാനും അനേകർ ദൈവവചനം ശ്രദ്ധിക്കുവാനും കർത്താവ് സഹായിച്ചു. നക്സൽനേതാവായിരുന്ന വെള്ളത്തൂവൽ സ്റ്റീഫന്റെ നാട്ടിൽ ദൈവസ്നേഹം പങ്കു വെക്കുവാൻ ദൈവം നൽകുന്ന എല്ലാ അവസരങ്ങളും പ്രയോജനപ്പെടുത്തുവാനും അനേകർ ദൈവസ്നേഹത്താൽ പിടിക്കപ്പെടുവാനും ദൈവജനം പ്രത്യേകം പ്രാർത്ഥിക്കണമേ. ഈ പ്രവർത്തനങ്ങളിൽ കടന്നു വന്ന് സഹകരിപ്പാൻ ദൈവാത്മാവ് പ്രേരണ നൽകുന്നവർ സുവിശേഷകൻ വി. എം. പോളുമായി ബന്ധപ്പെടുക. സുവി. വി. എം. പോൾ, രാജകുമാരി

# ബ്രദറൺ കൺവൻഷൻ റാന്നി – 2011

റാന്നിയിലും പരിസരപ്രദേശങ്ങളിലുമുള്ള പ്രാദേശിക ബ്രദറൺ സഭകൾ സംയുക്തമായി നടത്തി വരുന്ന റാന്നി കൺവൻഷൻ ദൈവഹിതമായാൽ 2011 നവംബർ 29 ചൊവ്വ മുതൽ ഡിസംബർ 4 ഞായർ വരെ റാന്നി ബ്രദറൺ ആഡിറ്റോറിയത്തിൽവെച്ചു നടത്തപ്പെടുന്നതാണ്. പ്രസംഗകർ:– സുവിശേഷകന്മാരായ ചാൾസ് ജോൺ റാന്നി, സ്റ്റീഫൻ ചെറിയാൻ ജോഡ്പൂർ, ജോൺ കുര്യൻ കോട്ടയം, വറുഗ്ഗീസ്സ് കുര്യൻ പാമ്പാടി, ചാണ്ടപ്പിള്ള ഫിലിപ്പ് കോട്ടയം, കൺവൻഷനുവേണ്ടി : പി. പി. ഫിലിപ്പ് (9946964884)

# ആത്മപ്രകാശിനി സ്പെഷ്യൽ മീറ്റിംഗ് – പ്രവചന കോൺഫ്രൻസ്

**കുമ്പനാട് :** ആത്മപ്രകാശിനി മാസികയുടെ നേതൃത്വത്തിൽ നടത്തി വരാറുള്ള മീറ്റിംഗ് ഈ വർഷം സെപ്റ്റംബർ 26 27, 28 (തിങ്കൾ, ചൊവ്വ, ബുധൻ) ദിവസങ്ങളിൽ രാവിലെ 9.30 മുതൽ 4.30 വരെ കുമ്പനാട് സഭാ ഹാളിൽ വെച്ച് നടന്നു. രാജൻ തോമസ് ബഹ്റിൻ, ഒ.എം. സാമുവേൽ, കോശി മാത്യു, കെ. സി. ജോൺസൺ എന്നിവർ മുഖ്യപ്രസംഗകർ ആയിരിന്നു. രാത്രി യോഗങ്ങളും ഉണ്ടായിരുന്നു.
വചനപ്രകാശിനി

# സുവിശേഷയോഗങ്ങൾ T.M.M. Chapel

തിരുവല്ല മെഡിക്കൽ മിഷൻ ചാപ്പലിൽ വെച്ച് 2011 സെപ്റ്റംബർ 23, 24, 25 ദിവസങ്ങളിൽ അനുഗ്രഹിക്കപ്പെട്ട വചനപ്രഭാഷണങ്ങൾ നടന്നു. ബിജു ആലടി ആയിരുന്നു മുഖ്യപ്രഭാഷകൻ. വിശ്വാസിയും വേർപാടും, വേർപാട് സഭാജീവിതത്തിൽ എന്നീ വിഷയങ്ങളെ ആസ്പദമാക്കി സ്ഥലം സഭകളുടെ പരാജയത്തിന്റെ കാരണങ്ങൾ എന്തെല്ലാം എന്ന് ചിന്തിക്കുകയുണ്ടായി. പിതാക്കന്മാർ സഭാതലത്തിൽ കാണിക്കുന്ന ആത്മീയവും പ്രസംഗങ്ങളും ഭവനത്തിൽ പ്രായോഗികമാക്കാത്തതും ദൈവവചനത്തിനു പ്രാധാന്യം കൊടുക്കാത്തതും ദൈവീക പ്രമാണങ്ങൾ ദ്രവ്യത്തിന്റെ അടിയിൽ ആയി പോയതും തലമുറകളെ നഷ്ടമാക്കുവാൻ കാരണം ആകുന്നു എന്ന് അദ്ദേഹം ഉദ്ബോധിപ്പിച്ചു. (നെഹ 9:26, 2 ദിന. 34:14). 24–ാം തീയതി സഹോദരിമാർക്കായി ഒരു സ്പെഷ്യൽ മീറ്റിംഗുമുണ്ടായിരുന്നു.

# രാജസ്ഥാൻ ബിലീവേഴ്സ് കോൺഫറൻസ്

**അൾവാർ:** ബ്രദറൺ പ്രവർത്തനം ആരംഭിച്ചിട്ട് അൻപതുവർഷം തികയുന്നതിനോടനുബന്ധിച്ച് രാജസ്ഥാനിലുള്ള ബ്രദറൺ സഭകൾ ചേർന്ന് ഒക്ടോബർ 6 മുതൽ 9 വരെ അൾവാറിലുള്ള മഹാവീർ ധർമശാലയിൽ വെച്ച് കോൺഫറൻസ് നടത്തുന്നു. രാജസ്ഥാനിലെ പ്രവർത്തനവുമായി ബന്ധപ്പെട്ട് വിവിധ സ്ഥലങ്ങളിലുള്ള സഹോദരന്മാർ കോൺഫറൻസിൽ പങ്കു കൊള്ളുന്നു.

ജോയി ജോൺ ബാംഗ്ലൂർ, ഡോ. കോശി മാത്യു മുംബൈ, രാജൻ തോമസ് ബഹ്റിൻ എന്നിവർ മുഖ്യപ്രഭാഷണം നടത്തും. ബിനോയി ശാമുവേൽ, ഷാജി മാത്യു തുടങ്ങിയവർ വിവിധ ശുശ്രൂഷയിൽ പങ്കെടുക്കും.

# അടിയന്തിര പ്രാർത്ഥനയ്ക്ക്

ആന്ധ്രയിൽ തെലുങ്കാന പ്രദേശത്ത് പ്രവർത്തിക്കുവാനെത്തിയ നോർത്ത് വൈ.എം.ഇ.എഫ്. ടീമിലെ അംഗങ്ങൾ 8 പേർ മത തീവ്രവാദികളുടെ ആരോപണത്താൽ പോലീസ് കസ്റ്റഡിയിലാവുകയും രണ്ട് ദിവസങ്ങൾക്കുശേഷം വിട്ടയ്ക്കുകയും ചെയ്തു. എന്നാൽ നമ്മുടെ വാഹനം വിട്ടുകിട്ടിയിട്ടില്ല. ഒക്ടോബർ 7–ാം തീയതി കേസ് ചാർജ്ജ് ചെയ്യുകയും കോടതിയുടെ തീരുമാനങ്ങൾക്ക് അനുസരിച്ച് മാത്രമെ വാഹനം വിട്ടുകിട്ടുകയും സഹോദരന്മാരുടെ മേലുള്ള കേസ് അവസാനിക്കുകയുമുള്ളു എന്നാണ് അറിവ്. ദൈവജനത്തിന്റെ അടിയന്തര പ്രാർത്ഥന ആവശ്യമാണ്.

Printed, Published and owned by M.V.Babu, Mulampallil, Kallissery P.O.-689124. Printed at Puthethu Offset Kallissery, Published at Kallissery, Design: rajeshprasadam@gmail.com